
# CHALDEAN SYRIAN HIGHER SECONDARY SCHOOL , THRISSUR



# CHALDEAN SPARK

## DIGITAL MAGAZINE



താളുകളിലൂടെ

**Magazine Committee**.......2
**മുഖമൊഴി**
Arif P. N. (Editor).......3
**അറിവിലൂടെ ഒരു യാത്ര**
ആര്യദാസ് പി. എച്ച്( X F).......4
**പ്രളയാനന്തരം**
സോന. കെ. എസ് [X A].......5
**പ്രകൃതി**
ആകാശ് . പി . നായർ [VIII B].......8
**മരം**
സഞ്ചന സി. ആർ. [V A].......9
**ഞാൻ ആര് ?**
ജെഷ കുരിയൻ [V A].......10
**മൂന്ന് കുഴിമടിയന്മാരുടെ കഥ**
അക്ഷര അജയ് [V A].......11
**ഈശ്വരഭക്തി പരമപ്രധാനം**
വിനീത മോഹൻ സി. UPST.......12
**മഞ്ഞേ.....വാ.....**
പ്രീയ ബി. (HST(So.Sci.)).......15
**ആഹ്ലാദം എന്നാൽ എന്ത് ?**
സിന്ധു ടി. (UPST).......23
**AN AMBITIOUS GIRL**
Esha Mariya ( IX A).......28
**BUTTERFLY**
Athira Saji (IX A).......29
**My mother**
Archana K.S.(IX A).......30
**MY UNIQUE DREAM**
Esha Mariya (IX A).......31
**RAINY DAYS**
Aswathy Jhyothish ( IX A).......32
**WONDER MAN**
Esha Mariya (IX A).......33
**PERFECT SQUARE**
DENNY MATHEW, HST(MATHEMATICS).......34
पर्यावरण प्रदुषण
अबिनव ए. पी. (X . B).......46
**SCHOOL REPORT 2018-19**
Remy Chungath I, Headmistress.......52

# Magazine Committee

Smt. Remy Chungath I , Head mistress
Smt. Denny Mathew, HST(Mathematics)
Smt. Sanil C. Simon, HST(Phy. Science)
Smt. Eve, HST(Malayalam)
Master Arif P. N. (Std IX C)
Master Sudev K.S.(Std IX E)
Master Allwin Tony (Std IX A)
Master Jishnu C.S.(Std IX E)
Master Roony Francis (Std IX A)
Master Yadhukrishna K. V. (Std IX B)

## മുഖമൊഴി

ഭാഷ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. അക്ഷരങ്ങളുടെ ലോകത്തിലേക്ക് കുഞ്ഞുങ്ങളെ കൊണ്ട് പോകാൻ ഭാഷയ്ക്ക് കഴിഞ്ഞു. ഇണങ്ങാനും പിണങ്ങാനും ചിന്തിക്കാനും നമുക്ക് ഭാഷവേണം.

സാഹിത്യം നമ്മുടെ ജീവന്റെ ഭാഗമാണ്. നമ്മുടെ കുഞ്ഞുങ്ങളിലെ സംസ്കാരമുള്ളവരായി വളർത്തിയെടുക്കാൻ സാഹിത്യത്തിനു കഴിയും .

ആയിരങ്ങൾക്ക് അറിവിന്റെ അക്ഷയഖനി തുറന്നു കൊടുക്കുന്ന ഈ വിദ്യാലയത്തിന്റെ പുതു വെളിച്ചമായ **Chaldean Spark** എന്ന ഈ **Digital magazine, little kites** അംഗങ്ങളുടേയും വിദ്യാരംഗം കലാസാഹിത്യവേദിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ തയ്യാറാക്കിയതാണ്.

**Arif P. N. (Editor)**





# അറിവിലൂടെ ഒരു യാത്ര....



**ആര്യദാസ് പി. എച്ച്( X F)**

2018-19 അധ്യായന വർഷത്തിലെ S.S.L.C ബാച്ചിന്റെ പഠനയാത്ര ജനുവരി 14-ന് പോയിരുന്നു. പൂമല ഡാം, ചെപ്പാറ എന്നിവയായിരുന്നു സന്ദർശനസ്ഥലങ്ങൾ. ഏകദേശം 10 മണിയോടുകൂടി സ്കൂളിൽ നിന്നും പുറപ്പെട്ട ഞങ്ങൾ 11.00 മണിോടുകൂടി പൂമലയിലെത്തിചേർന്നു. പ്രകൃതിരമണീയമായ കാഴ്ചകൾ ആരെയും ആകർഷിക്കുന്ന സ്ഥലം. ഡാമിന്റെ മുകളിൽ നിന്നുമുള്ള കാഴ്ചകൾ അതിമനോഹരം. പച്ചപ്പു നിറഞ്ഞ ആ ഇടവഴികളിലൂടെ പ്രകൃതി സൗന്ദര്യം അനുഭവിച്ചറിഞ്ഞുകൊണ്ടുള്ള ആ യാത്ര വേറിട്ടതായിരുന്നു ആദ്യമായിട്ടാണ് പ്രകൃതിസൗന്ദര്യം ഇത്ര ആഹ്ലാദകരമായി തോന്നുന്നത്. വെള്ളത്തിലിറങ്ങാനും ഊഞ്ഞാലാടാനും കുട്ടികൾ മത്സരമായിരുന്നു ഫോട്ടോ എടുക്കുമ്പോൾ കുട്ടികൾ നിന്ന പോസും വ്യത്യസ്തവും മനോഹരവുമായിരുന്നു ഒരു മണിക്കൂർ അവിടെ ചെലവഴിച്ചതിനുശേഷം പെപ്പാറയിലേക്കാണ് ഞങ്ങൾ പോയത്. അതി വിശാലമായ പാറകെട്ടുകളിലൂടെ ഒരു സ്വതന്ത്രപക്ഷിയെപോലെ ഞങ്ങൾ പറന്നുനടന്നു. പാറയുടെ മുകളിലെത്താൽ സഹായിക്കുന്ന കൈവരികൾ ഉണ്ടായിരുന്നു പാറയുടെ മുകളിൽ ചുറ്റിനടന്ന് കാഴ്ചകൾ കാണുക രസം തന്നെയായിരുന്നു. വലുതും ചെറുതുമായ ഒരുപാട് പാറകൾക്കിടയിലൂടെ മനോഹരമായ വൃക്ഷങ്ങൾ. ആ കാഴ്ചയും കണ്ണിന് കുളിർമ നൽകുന്നതായിരുന്നു തമാശകൾ പറഞ്ഞും പാട്ടുകൾ പാടിയും പെൺകുട്ടികൾ സമയം ചെലവഴിച്ചപ്പോൾ ആൺകുട്ടികൾ കളികളിലാണ് സന്തോഷം കണ്ടെത്തിയത്. ഏകദേശം 1 മണിയോടെ ഉച്ചഭക്ഷണം കഴിച്ചു. എല്ലാവരും ഒരുമിച്ചിരുന്നു കഴിച്ചപ്പോൾ ഭക്ഷണത്തിന് സ്വാദേറി. 2.30 മണിയോടുകൂടി സ്കൂളിൽ തിരിച്ചെത്തി. ബസ്സിൽ പാട്ടും ഡാൻസുമായി സ്കൂളിലെത്തിത് അറിഞ്ഞില്ല. സ്കൂൾ ജീവിതത്തിലെ മറക്കാനാവാത്ത ആസ്വദകരമയ അനുഭവങ്ങളിലൊന്നാണ് ഈ പഠനയാത്ര.







# പ്രളയാനന്തരം

സോന. കെ. എസ് [X A]

ഒരു രാവു പുലരുമ്പോൾ
ഭൂമിയും പുഴയായി
ചിതറുന്നു മർത്യനും
പല ദിക്കിലായ്.

എങ്ങുമേ മർത്യന്റെ
നിലവിളികളതത്രയും
ഭ്രാന്തമായി നിൽക്കുന്നു
ഭൂജമായി

തൻ കുഞ്ഞു പ്രാണനെ
രക്ഷിപ്പാനായിതാ
വാനിൽ പറന്നവൻ
തൂങ്ങിയാടി

മാനവ രാശിയെ
കാക്കുവാനായിഒരു രാവു പുലരുമ്പോൾ
ഭൂമിയും പുഴയായി
ചിതറുന്നു മർത്യനും
പല ദിക്കിലായ്.



എങ്ങുമേ മർത്യന്റെ
നിലവിളികളതത്രയും
ഭ്രാന്തമായി നിൽക്കുന്നു

ഭൂജമായി.

തൻ കുഞ്ഞു പ്രാണനെ
രക്ഷിപ്പാനായിഒരു രാവു പുലരുമ്പോൾ
ഭൂമിയും പുഴയായി
ചിതറുന്നു മർത്യനും
പല ദിക്കിലായ്.



എങ്ങുമേ മർത്യന്റെ
നിലവിളികളതത്രയും
ഭ്രാന്തമായി നിൽക്കുന്നു
ഭൂജമായി.

തൻ കുഞ്ഞു പ്രാണനെ
രക്ഷിപ്പാനായിതാ
വാനിൽ പറന്നവൻ
തൂങ്ങിയാടി

മാനവ രാശിയെ
കാക്കുവാനായിതാ
വാനിൽ പറന്നവൻ
തൂങ്ങിയാടി.

മാനവ രാശിയെ
കാക്കുവാനായിതാ
കടലിന്റെ മകനവൻ
ചവിട്ടുപടിയായ്.



എവിടെയെന്നറിയാതെ-
യച്ചനുമമ്മയും
തേങ്ങലുമായവൻ
കാത്തുനിൽപ്പായ്.

ഹിന്ദുവും ക്രിസ്ത്യനു-
മിസ്ലാമുമൊക്കെയിതാ
മാതവ ജന്മമായ്
മാറീടുന്നു. . .

ആരുമേചൊല്ലാതെ
താങ്ങിതായെത്തിയ
കടലിന്റെ മക്കളെ
നമിച്ചിടേണം.

മാനവർ തന്നുടെ
ലീലകൾ കാരണം
പ്രകൃതിയുടെ
ക്ഷോഭമതായിരിക്കാം.

# പ്രകൃതി



ആകാശ് . പി . നായർ [VIII B]

നമുക്ക് പ്രകൃതിയെ കാണുമ്പോൾ ആകർഷണം തോന്നുന്നു. നാം പ്രവർത്തിക്കുന്ന ഓരോ കാര്യങ്ങളും പ്രകൃതിയെ അനുസരിച്ചാണ് ചെയ്യേണ്ടത്. ഇപ്പോൾ നമ്മൾ നല്ല പ്രവർത്തികളും ചീത്ത പ്രവർത്തികളും ചെയ്യാറുള്ളതാണ്. നാം ചെയ്യുന്ന നല്ല പ്രവർത്തികൾ പ്രകൃതിയെ ഗുണകരം ചെയ്യും. ഇപ്പോൾ നമ്മൾ ചെടികളെ വളർത്തുകയാണെങ്കിൽ അത് വലുതായാൽ നല്ല ഗുണകരമാകും മറിച്ച് നാം ചെയ്യുന്ന ചീത്ത പ്രവർത്തിയാണെങ്കിൽ അത് നമ്മുടെ പ്രകൃതിയെ ഗുണം ചെയ്യുകയില്ല. നമ്മൾ എന്തൊക്കെ പ്രവർത്തികൾ ചെയ്യുന്നോ അതൊക്കെ നമ്മുടെ പ്രകൃതിക്ക് ദോഷകരമാവാൻ പാടില്ല. അത് ഗുണം ചെയ്യാനേ പാടുള്ളു. അത് നമ്മെ നല്ല പ്രവർത്തികൾ ആവിഷ്കരിക്കാൻ സാധിപ്പിക്കും.



# മരം



സഞ്ചന സി. ആർ. [V A]

**മരം വളർത്താം കുട്ടികളെ –**
**മരമൊരുവരമാണോർത്തിടണേ**
**മരങ്ങളല്ലോ നമ്മൾക്ക്**
**കായും കനിയും നൽകുന്നു.**

**കായും കനിയും കൂടാതെ –**
**തളിരും കുളിരും നൽകുന്നു**
**മരമില്ലെങ്കിൽ നാമില്ല**
**മൃഗങ്ങളില്ല.**



# ഞാൻ ആര്?



**ജെഷ കുരിയൻ [V A]**

തേൻ കൊതിയൻ
കറുകറുമ്പൻ
കാട്ടിലാണ് വാസം

മേൽ മുഴുവൻ
കമ്പിളി പോൽ
രോമമുള്ള വമ്പൻ

നാലുകാലിൽ
മാമരത്തിൽ
ചാടികേറും വമ്പൻ.








# മൂന്ന് കുഴിമടിയന്മാരുടെ കഥ

**അക്ഷര അജയ് [V A]**

ഒരിക്കൽ ഒരു ഗ്രാമത്തിൽ മൂന്ന് കുഴിമടിയന്മാരുണ്ടായിരുന്നു അവർക്ക് അച്ഛനും അമ്മയും ഇല്ലായിരുന്നു. അപ്പോൾ അപ്പുറത്തെ വീട്ടിൽ ഒരു അമ്മൂമ്മയുമുണ്ട് ആ അമ്മൂമയുടെ പേര് കാളിയമ്മ എന്നായിരുന്നു. ആ കാളിയമ്മ ഉച്ചയ്ക്ക് ഒരു പാത്രം നിറയെ ചോറ് അവർ മൂന്നുപേർക്ക് കൊടുത്തു. അവർ മൂന്നാക്കി പങ്കുവയ്ക്കാതെ അവർ ഒരു മത്സരം വച്ചു. അതിൽ മൂത്തവൻ പറഞ്ഞു "ആരാണോ സംസാരിക്കുന്നത് അവർക്ക് ചോറ് കിട്ടില്ല". അവർ വിശന്ന് കുറേ മിണ്ടാതെ ഇരുന്നു. കുറച്ച് നേരം കഴിഞ്ഞപ്പോൾ അവർ മയങ്ങിപ്പോയി. പിറ്റേ ദിവസം കാളിയമ്മ വന്ന് നോക്കിയപ്പോൾ ചോറിൽ പുഴുക്കൾ വന്നിരുന്നു. കാളിയമ്മ മൂന്നപേരെ ഉണർത്തിയപ്പോൾ അവർ ഉണർന്നില്ല. കാളിയമ്മ അവർ മരിച്ചുപോയി എന്ന് വിചാരിച്ചു. കാളിയമ്മ നാട്ടുകാരെ വിളിച്ചു കാര്യങ്ങൾ പറഞ്ഞു മൂന്നുപേർക്കും ഒരു വലിയ കുഴിമതിയെന്ന് പറഞ്ഞു അവർ കുഴികുഴിച്ചു. മൂന്നുപേരെയും ഒന്നിന്റെ മുകളിൽ വെച്ചു. അതിൽ ഏറ്റവും മുകളിൽ വച്ചവന്റെ കാൽ മടങ്ങിയിരുന്നു. അപ്പോൾ അവർ തൂമ്പകൊണ്ട് അവന്റെ കാലിൽ ഒരു അടിവെച്ചുകൊടുത്തു. അവൻ ഓളിയിട്ടു കരഞ്ഞു. അവന്റെ താഴെ കിടക്കുന്നവനും എഴുന്നേറ്റു അവർ രണ്ടുപേരും സംസാരിച്ചു. അപ്പോൾ ഏറ്റവും താഴെ കിടന്നവൻ പറഞ്ഞു "നിങ്ങൾ സംസാരിച്ചു അതു കാരണം ആ ചോറ് എനിക്കുള്ളതാണ് ". അവൻ വേഗം ഓടിപ്പോയി. കാളിയമ്മ പറഞ്ഞു "ആ ചോറ് മൊത്തം പുഴുക്കൾ തിന്നുവെന്ന് ". ആ ചേട്ടൻ ബോധം കെട്ടുപോയി.





# ഈശ്വരഭക്തി പരമപ്രധാനം



വിനീത മോഹൻ സി. UPSA

അനന്തവും അജ്ഞാതവുമായ ലോകത്ത് സ്വന്തം ആവശ്യങ്ങൾ നിറവേറ്റാൻ തത്രപ്പാടോടെ ഓടിനടക്കുന്ന മനുഷ്യൻ ജീവിതത്തിന്റെ വേലിയേറ്റങ്ങളിൽ ഭാഗഭാക്കാണ്. ഇന്നിന്റെ പ്രശ്നങ്ങൾ നമുക്കെന്നും പുതിയ വെല്ലുവിളികളാണ്. തിരക്കുനിറഞ്ഞ ഈ ജീവിതം തള്ളിനീക്കുമ്പോൾ നാം എന്നും മുറുകെ പിടിക്കുന്ന ദൈവവിശ്വാസം വെറും ഒരു പ്രശ്നമാവാതെ നോക്കേണ്ടത് നമ്മുടെ ആവശ്യമാണ്.

മത്സരം മാത്രമുള്ള ഈ ലോകത്ത് ജീവിച്ചു മുന്നേറാൻ ഈശ്വരഭക്തി കൈവിട്ടുകൂടാ! ഈടുറ്റ സംസ്കാരത്തിന്റെ ഉണർവ്വിനായി ഐക്യത്തോടെ മുന്നേറേണ്ടതുണ്ട്.

"കൂടിയല്ലാ ജനിക്കുന്ന നേരത്തും-

കൂടിയല്ലാ മരിക്കുന്ന നേരത്തും-

മധ്യേയിങ്ങനെ കാണുന്ന നേരത്ത്-

മത്സരിക്കുന്നതെന്തിനു നാം വൃഥാ..."

പൂന്താനത്തിന്റെ ഈ വരികൾ എത്രമാത്രം അർത്ഥ

സമ്പുഷ്ടമാണ് ! യുവതലമുറയ്ക്ക് നൽകുന്ന മുന്നറിയിപ്പാണിത്. ജീവിതയാത്രയിൽ എവിടെയോ വെച്ച് കണ്ടുമുട്ടുന്ന വഴിയാത്രക്കാർ അന്യോന്യം മത്സരിക്കുന്നതെന്തിന്?

അപകടമായ ധാരാളം പ്രശ്നങ്ങളിലും, ദുരിതങ്ങളിലും മാത്രം മുഴുകാതെ എപ്പോഴും തണലായി നല്ലൊരു നാളെക്കായി നമ്മെ വാർത്തെടുക്കുന്ന നിഴലാവുകയാണ് ഈശ്വരൻ. ധർമ്മത്തിന്റെ മാർഗത്തിൽ സഞ്ചരിക്കുന്നവന് ഈശ്വരൻ ധർമ്മിഷ്ടനാണ്. അത് കേവലം പാഴ് വസ്തുവല്ല. സത്യമാണ്. നാം അനുഭവിച്ചറിയുന്നതാണ് ആ കാരുണ്യം. പതറാതെ, വിശ്വാസത്തിൽ അടിയുറച്ചു മുന്നേറേണ്ട നാം പലപ്പോഴും കാലിടറി പിന്നോട്ടു പോകുന്നു. അതെന്തിന്? നാം നമ്മോട് തന്നെ ചോദിക്കുന്നു. നമ്മുടെ വിശ്വാസം എന്തുമായികൊള്ളട്ടെ. ഈശ്വരൻ അനന്തമായ സമ്പത്താണ്, ധൈര്യവുമാണ്.

നിർഭാഗ്യമെന്നു പറയട്ടെ, ആധുനിക സമൂഹത്തിൽ പുത്തനുണർവ്വിന്റെയും,സൗകര്യങ്ങളുടെയും,ആർഭാടത്തിന്റെയും മധ്യത്തിൽ നാം മറന്നുപോകുന്ന,നീട്ടിവയ്ക്കാവുന്ന ഒന്നായി പ്രാർത്ഥന മാറുകയാണ്;സമാധാനം എവിടെയാണെന്ന് അന്വേഷിച്ച് നെട്ടോട്ടമോടാതെ, നമ്മുടെ കുടുംബങ്ങളിൽ അത് എപ്പോഴും നിലനിൽക്കാൻ അഭംഗുരമായ ഈശ്വരഭക്തി വളർത്തിയെടുക്കുകയാണ് വേണ്ടത്.

ലോകത്തിലെ ഏത് വാർത്തകളും ചൂടപ്പം പോലെ നമ്മുടെ മുന്നിലെത്തിക്കാൻ കഴിവുള്ള ഇന്റർനെറ്റും, സ്വപ്നങ്ങളുടെ മായാവലയങ്ങൾ സമ്മാനിക്കുന്ന ചാനൽ വിപ്ലവവും മറ്റും കൊണ്ട് കലുഷിതമാകുന്ന ഇന്ന് ഈശ്വരഭക്തിയുടെ സ്ഥാനം ഏറ്റവും പുറകിലാണെന്ന സത്യം വിസ്മരിച്ചുകൂടാ!

ആത്മനിയന്ത്രണം കൈവരിക്കുന്നതിനുള്ള ഏക മാർഗം പ്രാർത്ഥനയെന്ന തപസ്സാണ്. സ്നേഹത്തിന്റെ നറുമലരുകളാണ്, മനസ്സാകുന്ന ശ്രീകോവിലിനുള്ളിൽ എന്നെന്നും ഈശ്വരചൈതന്യം വാരിവിതറാൻ നമുക്ക് കഴിയണം.

മാനവസ്നേഹത്തിന്റെ മഹാമന്ത്രവും പേറിനടക്കുന്ന, ആർഷഭാരതസംസ്കാര സമ്പന്നരായ നാം ഏകോദരസഹോദരങ്ങളായി പ്രവർത്തിക്കണമെങ്കിൽ ശത്രുതാമനോഭാവം കുറയ്ക്കുക തന്നെ വേണം. പാപപങ്കിലമായ ലോകത്ത് നന്മയുടെ പ്രകാശഗോപുരമാവാൻ നമുക്കാവണം. ഈ കലിയുഗത്തിലെ കെടാവിളക്കായി പരിണമിക്കാൻ നമുക്കേവർക്കും സാധിക്കട്ടെ! അതിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കാം.......

# മഞ്ഞേ.....വാ.....



പ്രീയ ബി. (HST(So.Sci.))

ക്രിസ്തുമസ് അവധി എങ്ങനെ ചെലവഴിക്കണം എന്ന് മനസ്സിൽ വിചാരിക്കുമ്പോഴാണ് വിജയേട്ടൻ ഒരു യാത്ര പോയാലോ എന്നുള്ള ചോദ്യം. ഒന്നും ആലോചിച്ചില്ല പോവാമെന്ന് മറുപടി നൽകി. എങ്ങോട്ട് എന്നതായിരുന്നു കൺഫ്യൂഷൻ. പോവാത്ത സ്ഥലങ്ങളുടെ പേരുകൾ മനസ്സിലോർത്തു. അവസാനം ഇന്ത്യയുടെ വടക്കേയറ്റത്തേക്ക് ......ഡൽഹി,അമൃത്സർ,സിംല,ചണ്ഡീഗഡ് എന്ന തീരുമാനത്തിലെത്തി. ഡൽഹിയിലെ ബന്ധുവിന്റെ സഹായത്തോടെ യാത്രാ അറേഞ്ച് ചെയ്തു. ക്രിസ്തുമസ് പരീക്ഷയുടെ പേപ്പർ നോട്ടം കഴിഞ്ഞു,ഫ്രീ ആണ്.സ്കൂൾ തുറന്നാൽ സബ്മിറ്റ് ചെയ്യേണ്ട ടീച്ചിങ്ങ് മാനുവൽ വരെ ഓക്കെയാണ്. മനസ്സിൽ കാണാനിരിക്കുന്ന സ്ഥലങ്ങളുടെ സ്വപ്നങ്ങൾ മാത്രം. ശരതും അപ്പുട്ടനും ഈ യാത്രയിൽ ഇല്ല എന്നുള്ളതായിരുന്നു വിഷമം. ആൺകുട്ടികൾ അല്ലേ.......ജോലിയും പഠിപ്പും പരീക്ഷയും ഇനി ഒരുമിച്ചുള്ള യാത്രകൾ എളുപ്പമല്ലെന്നു മനസ്സിനെ പഠിപ്പിച്ചു.

2018 ഡിസംബർ 26 ബുധനാഴ്ച്ച

അതിരാവിലെ യാത്ര തുടങ്ങി ഉത്തരേന്ത്യയിൽ അതിശൈത്യം.....തണുത്തുവിറയ്ക്കുന്നു എന്ന വാർത്തകൾ കേട്ടാണ്.......തെല്ല് പേടിയില്ലാതില്ല. ഞാനും വിജയേട്ടനും മാത്രം. മക്കളില്ല. എന്തെങ്കിലും സംഭവിച്ചാലോ..........അസുഖങ്ങൾ വന്നാലോ............ഏയ്.........ഇനി അതൊന്നും ആലോചിക്കേണ്ട യാത്ര തുടങ്ങുക തന്നെ...... ഈശ്വരൻ തുണ.





10.45 ന്റെ എയർ ഇന്ത്യ ഫ്ലൈറ്റിൽ ആയിരുന്നു യാത്ര. ആദ്യമൊക്കെ വിമാന യാത്ര ഒരു ത്രില്ലായിരുന്നു. ഇപ്പോൾ എങ്ങനെങ്കിലും സ്ഥലത്ത് എത്തിയാൽ മതിയെന്ന ചിന്തയാണ്. ഏകദേശം രണ്ട് മണിക്ക് ഡൽഹിയിലെത്തി. ഇന്ത്യയുടെ തലസ്ഥാന നഗരിയിലെത്തിയ സന്തോഷത്തിൽ ഒരു സെൽഫി. ഡൽഹി മുമ്പ് കണ്ടതുകൊണ്ട് തന്നെ ഞങ്ങളുടെ ഈ യാത്രയിൽ ഒരു ഇടത്താവളം മാത്രമാണ് ഡൽഹി. അമൃതസർ ആണ് ആദ്യത്തെ വ്യൂപോയിന്റ്. 4.45 നാണ് അവിടേക്കുള്ള ഫ്ലൈറ്റ്. ഉച്ചഭക്ഷണം കഴിച്ച് ഒന്ന് ഫ്രെഷ് ആവാൻ ബന്ധുവിന്റെ വീട്ടിലെത്തി. വീട് അല്ല ഒരു മ്യൂസിയം എന്നു തന്നെ പറയാം. അവിടെ നിന്നു നോക്കിയാൽ കുത്തബ് മിനാർ കാണാം യാത്രകൾ ആസ്വദിക്കുന്ന കുടുംബം ഓരോ സ്ഥലങ്ങളിലേയും ചിത്രങ്ങൾ അവിടെ നിന്നും വാങ്ങിയിട്ടുള്ള പ്രത്യേകതയുള്ള സാധനങ്ങൾ വളരെ അടുക്കും ചിട്ടയിലും ഒതുക്കി വെച്ചിരിക്കുന്നു ചെല്ലപെട്ടിയും കമ്പിറാന്തലും എന്നിൽ കൗതുകം ഉണർത്തി. കുറച്ച് സമയം അവിടെ ചെലവഴിച്ചതിനുശേഷം എയർപോർട്ടിലേക്ക് യാത്ര തിരിച്ചു. ഡൽഹിയിൽ ചെന്നിറങ്ങിയപ്പോൾ അത്ര തണുപ്പ് തോന്നിയില്ലെങ്കിലും വൈകുന്നേരമായപ്പോഴേക്കും താടി കൂട്ടിയടിക്കാൻ തുടങ്ങി ഇതിലും തണുപ്പാണ് അമൃത്സർ. സ്വെറ്ററും സോക്സ്സും ധരിച്ച് കൊണ്ട് യാത്ര തുടരാൻ തീരുമാനിച്ചു .

ഏകദേശം 6.30 യോടെ അമൃതസർ എയർപോർട്ടിലെത്തി വളരെ ചെറിയ ബഹളമില്ലാത്ത എയർപോർട്ട് ആണ്. ഞങ്ങളുടെ ലഗേജ് ശേഖരിച്ചതിനുശേഷം Mr. ഭരതിനെ contact ചെയ്യാൻ ശ്രമം തുടങ്ങി . അമൃതസർ മുതൽ യാത്ര പാക്കേജ് ആണ്. Panickers Travel' s ന്റെയാണ് . ഞങ്ങളുടെ വഴിക്കാട്ടിയാണ് ഭരത്. പ്ലകാർഡ് പിടിച്ച് നിൽക്കുന്ന ഭരതിനെ കണ്ടെത്തി ഹോട്ടലായ 'ഇഷാൻ വില്ല'യിലേക്ക് യാത്ര തിരിച്ചു നഗരത്തിലെ രാത്രികാഴ്ച്ചകൾ... റോഡിന്റെ ഇടതുവശത്ത് അലംങ്കിരിച്ച ഹോട്ടലുകൾ കാണാമായിരുന്നു . തണുപ്പിന്റെ ആധിക്യം കൂടി

തുടങ്ങിയിരുന്നു . ഇനി ഹിന്ദിയിലാണ് കസർത്ത് ... മലയാളം തൽക്കാലം മറന്നേക്കൂ... ഡ്രിഗ്രിക്ക് ഹിന്ദി additional lang. ആയിരുന്നു എന്ന് പറഞ്ഞിട്ടെന്താ... കേൾക്കുന്നത് മനസ്സിലാവും മറുപടി പറയുന്നത് ആംഗ്യഭാഷയിലും . കുട്ടികൾ ഇല്ലാത്തതുകൊണ്ട് കളിയാക്കാൻ ആരുമില്ല... ഇംഗ്ലീഷും രാഷ്ട്രഭാഷയും കലർന്ന 'മണിപ്രവാള' ഭാഷയായി ഞങ്ങളുടേത്. അടുത്തദിവസം രാവിലെ 8 മണിക്ക് തയ്യാറായിനിൽക്കാൻ പറഞ്ഞ് ഭരത് പോയി. ഞങ്ങൾ രാത്രി ഭക്ഷണത്തിനു ശേഷം ഉറങ്ങാൻ കിടന്നു. തണുത്ത് വിറയ്ക്കുകയായിരുന്നു പിറ്റേന്ന് കാണാനിരിക്കുന്ന മനോഹരമായ കാഴ്ച്ചകളെകുറിച്ചോർത്ത് കിടന്ന് എപ്പോഴോ ഉറങ്ങിപ്പോയി .

പിറ്റേന്ന്

അമൃതസറിലെ കാഴ്ചകൾ കാണാൻ ഞങ്ങൾ നേരത്തെ തന്നെ ഒരുങ്ങി. പുറത്ത് നല്ല മഞ്ഞ് ..... ഒന്നും കാണാന്നില്ല. എന്നാലും വിവിധ പോസുകളിൽ ഫോട്ടോ എടുക്കാൻ മറന്നില്ല പ്രഭാതഭക്ഷണത്തിനുശേഷം ഞങ്ങൾ യാത്ര തുടങ്ങി . പക്ഷെ കുറച്ചുദൂരം പിന്നിട്ടപ്പോൾ ഒന്നും കാണാനില്ല. റോഡു പോലും തിരിച്ചറിയുന്നില്ല . ഈ അവസ്ഥയിൽ യാത്ര ദുഷ്കരമാണെന്നും കുറച്ചു കൂടി കഴിഞ്ഞ് യാത്ര തുടങ്ങാമെന്നും തീരുമാനിച്ചു. ഞങ്ങൾ മടങ്ങി കുറച്ചുസമയം ഹോട്ടലിന്റെ പരിസരത്ത് ചെലവഴിച്ചശേഷം ഏകദേശം 9 മണിക്ക് വീണ്ടും യാത്ര തുടർന്നു.



അമൃതസർ....

പഞ്ചാബിന്റെ പടിഞ്ഞാറു ഭാഗത്താണ് ഈ പട്ടണം. സിഖ് മത വിശ്വാസികളുടെ പുണ്യസ്ഥലമാണ്. സുവർണ നഗരമെന്നും ഇത് അറിയപ്പെടുന്നത്. ആദ്യം ഞങ്ങൾ പോയത് സുവർണ്ണ ക്ഷേത്രത്തിലേക്കാണ് വാഹനം പാർക്ക് ചെയ്ത സ്ഥലത്ത് നിന്ന്

5 മിനിറ്റ് നടക്കണം....നല്ല തിരക്ക്. കച്ചവടക്കാർ നേരത്തെ തന്നെ കച്ചവടം തുടങ്ങിയിരിക്കുന്നു ക്ഷേത്രത്തിനകത്ത് കേറാനുള്ള നടപടികൾ വ്യത്യസ്തമാണ്. ആണായാലും പെണ്ണായാലും തല മറക്കണം. തൊപ്പി ഇട്ടാലും മതി. ചെരുപ്പ് സൂക്ഷിക്കാൻ കൊടുത്ത് ക്ഷേത്രത്തിലേക്ക് നടക്കുമ്പോൾ കാലുകളിലൂടെ തണുപ്പ് കയറുന്നുണ്ടായിരുന്നു. ക്ഷേത്രത്തിന്റെ മുൻവശത്ത് ചൂടുവെള്ളം കെട്ടിനിർത്തിയിട്ടുണ്ട്. അതിൽ കാൽ കഴുകി ശുദ്ധമാക്കിട്ട് വേണം ഉള്ളിൽ പ്രവേശിക്കാൻ.

സിഖ് ഗുരുദ്വാരകളിൽ പ്രദമസ്ഥാനത്താണ് അമൃത്സർ. സിഖ് മതകാരുടെ വിശുദ്ധഗ്രന്ഥമായ 'ഗുരുഗ്രന്ഥ് സാഹിബ് 'സൂക്ഷിച്ചിരിക്കുന്നത് ഈ ക്ഷേത്രത്തിലാണ്. ക്ഷേത്രം നിർമിച്ചത് അഞ്ചാമത്തെ ഗുരുവായിരുന്ന ഗുരു അർജുൻദേവ് ആണ്. 1064 ൽ ആണ് വിശുദ്ധഗ്രന്ഥം ഗുരുദ്വാരയിൽ സ്ഥാപിച്ചത്. 750Kg സ്വർണ്ണം കൊണ്ട് പൂശിയതാണ് ഈ ക്ഷേത്രം. വലിയൊരു ജലാശയത്തിന്റെ മദ്ധ്യത്തിലുള്ള ഈ ക്ഷേത്രത്തിന് നാല് വാതിലുകൾ ഉണ്ട്. ജാതിമത വ്യത്യാസമില്ലാതെ എല്ലാവർക്കും കടന്നു വരാം. ദിവസവും ലക്ഷത്തിലധികം ആരാധകരാണ് ഇവിടം സന്ദർശിക്കുന്നത്. സ്വതന്ത്ര കൂട്ടായ്മയോടെ നടത്തുന്ന സൗജന്യ ഭക്ഷണശാലകളും ഇവിടെ കാണാൻ സാധിച്ചു. വിശ്വാസത്തിന്റെ ഭാഗമായി പുണ്യം തേടി പലപ്പോഴായി വരുന്നവർ ചെയ്യുന്ന സേവനമാണിതെന്നും മനസ്സിലായി. എല്ലായിടത്തും കുന്തം കയ്യിലേന്തിയ ചെറുപ്പക്കാരെ കാണാമായിരുന്നു. സന്ദർശനം നടത്തുന്ന ഓരോരുത്തരേയും അവർ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്ന് മനസ്സിലായി. ഏതോ ഫോട്ടോക്ക് പോസ് ചെയ്യുമ്പോൾ തലയിലെ തൊപ്പിയൂരി.... അതാ വരുന്നു കുന്തക്കാരൻ . മൊബൈൽ പിടിച്ചു വാങ്ങി പിന്നെ ചീത്ത.... ഹിന്ദിയാലായതുകൊണ്ട് ഒന്നും മനസ്സിലായിട്ടില്ല. തലമുടി കാണുന്ന എല്ലാ ഫോട്ടോസും ഡിലീറ്റ് ചെയ്ത് ഫോൺ തിരിച്ചു തന്നു. ധാരാളം സ്ഥലമുള്ളതുകൊണ്ട് തിരക്ക് അനുഭവപ്പെട്ടില്ല. പഞ്ചാബിലെ സുവർണ്ണക്ഷേത്രം നേരിൽ കണ്ടതിന്റെ ത്രില്ലിൽ

ഫോട്ടോസ് എടുത്തുകൂട്ടി. 'ഗുരുഗ്രന്ഥസാഹിബ്' സൂക്ഷിച്ചിരിക്കുന്നിടത്തെത്താൻ ക്യൂ നിൽക്കേണ്ടി വന്നു. അതിനുള്ളിലേക്ക് ഫോൺ അനുവദനീയമല്ല. അവരുടെ ഭാഷയിൽ എന്തൊക്കെയോ ഉരുവിടുന്നുണ്ട്. ഒന്നും മനസ്സിലായില്ല. പ്രസാദമായി നെയ്യിലുണ്ടാക്കിയ എന്തോ കഴിക്കാൻ ലഭിച്ചു. രാത്രിയിൽ ദീപാലംകൃതമായ സുവർണ്ണക്ഷേത്രം കാണാൻ നല്ല ഭംഗിയാണത്രെ. അത് കാണാൻ സാധിച്ചില്ല. ഒക്ടോബർ മുതൽ മാർച്ചവരെയുള്ള സമയമാണ് ക്ഷേത്ര സന്ദർശത്തിന് അനുയോജ്യമെന്ന് പിന്നീടറിയാൻ കഴിഞ്ഞു. ആദ്യത്തെ കാഴ്ച്ചതന്നെ വളരെ ഗംഭീരം... എന്തെന്നില്ലാത്ത സന്തോഷം തോന്നി .

പിന്നീട് ഞങ്ങൾ പോയത് 'ജാലിയൻവാലാബാഗ് ' കാണാനായിരുന്നു . സാമൂഹ്യശാസ്ത്ര അധ്യാപികയെന്ന നിലയിൽ കാണണം എന്ന് മനസ്സിൽ കരുതിയിരുന്ന സ്ഥലം . കവാടത്തിനു മുന്നിൽ ഒരുനിമിഷം നിന്നു ഇന്ത്യൻ സ്വാതന്ത്ര സമരചരിത്രത്തിലെ ഏറ്റവും രക്തരൂക്ഷിതമായ സംഭവം .1919 ഏപ്രിൽ 13... ജനറൽ ഡയർ .... ഒരു നിമിഷം പ്രാർത്ഥിച്ച്. ഉള്ളിൽ കയറി വിനോദസഞ്ചാരത്തിന്റെ ഭാഗമായി അവിടം മനോഹരമാക്കിയിരിക്കുന്നു. ചുറ്റും വളരെ ഉയരത്തിൽ കെട്ടിപ്പൊക്കിയ മതിലുകൾ കാണാം. മനോഹരമായ പൂന്തോട്ടമാണ് നമ്മളെ സ്വാഗതം ചെയ്യുന്നത്. അതിന്റെ വലത്തു ഭാഗത്തായി 'अमर ज्योति' കാണാമായിരുന്നു. ഇന്ത്യൻ ഓയിൽ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിലാണ് ദീപസ്തംഭം പ്രകാശിക്കുന്നതെന്ന് മനസ്സിലായി . ഇടതുഭാഗത്തായി 'MARTY' S WELL' കാണാമായിരുന്നു . രക്തസാക്ഷികളുടെ കിണർ - വെടിവെപ്പിൽ നിന്നും രക്ഷപ്പെടാൻ ജനങ്ങൾ എടുത്തു ചാടിയ കിണർ.

വൈകുന്നേരത്തെ ചടങ്ങ് 'Beating of retreat' or lowering of the flags' എന്നാണ് അറിയപ്പെടുന്നത് . സൂര്യസ്തമയത്തിനു മുമ്പ് boarder gate ലാണ് ഇത്

നടക്കുക . Gate എല്ലാദിവസവും രാവിലെ 10 മണി മുതൽ ഈ ചടങ്ങ് കഴിയുന്നത് വരെ തുറന്നിരിക്കും . 1959 ൽ രണ്ട് രാജ്യങ്ങളുടെയും ഗവൺമെന്റിന്റെ സമ്മതത്തോടുകൂടിയാണ് ഈ ചടങ്ങ് ആരംഭിക്കുന്നത്. പരസ്പരം സൗഹൃദവും സഹകരണവും ഇതിലൂടെ ലക്ഷ്യമിടുന്നു. ഏകദേശം 3 മണിയോടെ ഞങ്ങൾ അവിടെ എത്തിചേർന്നു . എവിടെ നോക്കിയാലും B. S. F ജവാൻ മാരെ കാണാനുമായിരുന്നു. വിശദമായ ദേഹപരിശോധനക്കുശേഷമാണ് കടത്തിവിടുന്നത്. ഇന്ത്യയുടെ പതാക ഉയരത്തിൽ പറക്കുന്നുണ്ട്. ആത്മാഭിമാനം തോന്നുന്ന നിമിഷങ്ങൾ ഗാലറിയിൽ ഒരു ഇടം നേടി . ആളുകളുടെ ഒഴുക്ക തന്നെ സ്കൂൾ വിദ്യാർത്ഥികളും കൂട്ടത്തിൽ ഉണ്ടായിരുന്നു വി. ഐ. പി. ഗാലറിയും നിറഞ്ഞിരിക്കുന്നു. ദേശസ്നേഹത്തിന്റെ പേരിൽ കൊടിയും പേനയും കീ ചെയിനും സുലഭമാണ്. 2½ മണിക്കൂർ കഴിഞ്ഞാണ് പരിപാടി . ഗെയ്റ്റ് കാണുന്നുണ്ട് അങ്ങോട്ടും ഇങ്ങോട്ടും പോകുന്ന മനുഷ്യരെ കാണാം സഞ്ചാരികളും കച്ചവടക്കാരും അക്കൂട്ടത്തിലുണ്ട്. വലിയ വണ്ടികളിൽ സാധനങ്ങൾ ഒതുക്കി കുടുംബത്തോടെ പോകുന്നവരേയും കണ്ടു. അവരെ പരിശോധിക്കുന്നതിനായുള്ള ജവാൻമാരും അവിടെ ഉണ്ട് . അതിനിടയിൽ ആംബുലൻസിന്റെ ശബ്ദവും കേട്ടു. ഒരു രോഗിയെ ഗെയ്റ്റ് കടത്തി അടുത്ത ആംബുലൻസിൽ കൊണ്ടു പോകുന്നതും കാഴ്ചയായി . പരസ്പര സഹകരണത്തിന്റെ ഉത്തമ ഉദാഹരണം . ഗെയ്റ്റിന്റെ എതിർഭാഗത്ത് പാകിസ്ഥാനികളുടെയും തിരക്ക് കാണാമായിരുന്നു . രണ്ട് രാജ്യത്തിന്റെയും കൊടികൾ പാറുന്നു.

ഡിസംബർ 28

വെള്ളിയാഴ്ച്ച ഇന്ന് യാത്ര സിംലയിലേക്കാണ്. മഞ്ഞേ വാ.... മധുവിധു വേള എന്ന സിനിമ ഗാനമാണ് മനസ്സിൽ ഓടിയെത്തിയത്. മഞ്ഞു



മൂടി. കിടക്കുന്ന സിംലയും ആപ്പിൾത്തോട്ടവും മനസ്സിൽ ഉണ്ട്. ഞാൻ കൂടുതൽ സന്തോഷവതിയായി. രാവിലെ 7 മണിക്ക് തന്നെ യാത്ര തുടങ്ങി . 313 km റോഡുമാർഗ്ഗം സമയം 12 മണിക്കൂറെങ്കിലും വേണ്ടി വരും. പോകുന്ന വഴിയിൽ മഞ്ഞിലൂടെ നടന്നു പോകുന്ന കുട്ടികളേയും വൃദ്ധരേയും കാണുന്നുണ്ട്. നല്ല തണുപ്പാണ്. ഒന്നിനു മുകളിൽ മറ്റൊന്നായി മൂന്നുനാലു വസ്ത്രങ്ങൾ ധരിച്ചിട്ടുണ്ട്. ഞാനും കയിൽ ഗ്ലൗസും കാലിൽ സോക്സും ധരിച്ചിട്ടുണ്ട്. കാറിൽ തണുപ്പകറ്റാനുള്ള ഹീറ്റർ പ്രവർത്തിക്കുന്നതുകൊണ്ട് കുഴപ്പമില്ല. മനസ്സു നിറയെ സ്വപ്നങ്ങളാണ്........ യാഥാർത്ഥ്യമാകാൻ പോകുന്ന സ്വപ്നങ്ങൾ, ഇളം വെയിൽ വന്നു തുടങ്ങി. പ്രഭാത സൂര്യൻ ഞങ്ങളുടെ മുന്നിൽ ജ്വലിക്കാൻ തുടങ്ങി. ഒരു ചുവപ്പ് പൊട്ടുപോലെ........ കാണുന്ന കാഴ്ചകളെല്ലാം കണ്ണിന് ആനന്ദം തരുന്നവ തന്നെ. ഇന്ന് നീണ്ടയാത്ര മാത്രമാണ്. കാറിലിരുന്ന് ഇതുവരെയെടുത്ത ഫോട്ടോസ് ഗ്രൂപ്പിൽ ഷെയർ ചെയ്തതിന്റെ കമന്റ്സ് വായിച്ചു കുറെ ചിരിച്ചു മക്കളെ വിളിച്ച് കുശലങ്ങൾ അന്വേഷിച്ചു. പോകുന്ന വഴിയും പ്രത്യേകതകളും ഒരു ഗൈഡ് എന്ന പോലെ വിജയേട്ടൻ പറഞ്ഞു തരുന്നുണ്ടായിരുന്നു. കൂടുതൽ കാര്യങ്ങൾ കണ്ടെത്താൻ ഞാനും ശ്രമിച്ചുകൊണ്ടിരുന്നു. 'ഹവേലി'യിലായിരുന്നു പ്രഭാതഭക്ഷണം വല്ല കല്യാണ വീട്ടിൽ കയറുന്ന പ്രതീതിയാണ്. ഭക്ഷണം കഴിച്ചു ഇറങ്ങുമ്പോൾ പഞ്ചാബിയുടെ കൂടെ നിന്നും പോസ് ചെയ്തു. സിംലയിൽ നിന്നും വരുമ്പോൾ ആപ്പിൾ കൊണ്ടുവരാൻ മക്കളും അദ്ധ്യാപകരും പറഞ്ഞിട്ടുണ്ട്. പക്ഷെ അവിടെ ഇപ്പോൾ സീസണല്ലാ.ആപ്പിൾ പാകമാകുന്നത് July – August മാസങ്ങളിലാണ് . മനസ്സിൽ വിഷമം തോന്നി . അടുത്ത് വരവ് ഈ മാസങ്ങളിലാവാം . Shimla യെ Simla എന്ന് വിളിക്കാറുണ്ട്. ഹിമാചൽ പ്രദേശ് സംസ്ഥാനത്തിന്റെ തലസ്ഥാനമാണ് ഈ നഗരം. സ്വാതന്ത്ര്യം ലഭിക്കുന്ന സമയത്ത് ഈ നഗരം പഞ്ചാബിന്റെ തലസ്ഥാനമായിരുന്നു. ഷിംല എന്ന പേരിന്റെ ഉത്ഭവം ഹിന്ദു ദേവതയായ കാളിയുടെ അവതാരമായ ശ്യാമളദേവിയിൽ നിന്നാണത്രെ . ഷിംല സന്ദർശിക്കാനുള്ള

ശരിയായ സമയം **October to February** ആണെന്നും, ആസമയത്ത് അവിടത്തെ താപനില **-2$^{o}$c** വരെ എത്തുമെന്നും അറിഞ്ഞു. വെറുതെയല്ല ഷിംലയെ **'Queen of Hills'**എന്നു പറയുന്നതെന്ന് മനസ്സിലായി. ശരിക്കും രാജ്ഞി തന്നെ.

ഉച്ചഭക്ഷണത്തിനുശേഷമുള്ള യാത്ര ദുഷ്കരമായിരുന്നു. പോകുന്ന വഴിയിലെല്ലാം റോഡിന്റെ പണി നടക്കുന്നുണ്ട് . വലിയ വലിയ പാറകൾ പൊട്ടിക്കുന്ന ജോലിക്കാരെയും കാണുന്നുണ്ട് . പാടങ്ങളിലെല്ലാം കട്ടുക്കാണെന്നു തോന്നുന്ന ചെറിയ ചെറിയ ചെടികൾ കാണുന്നുണ്ട്. പൂകൾ കാണുമോ എന്ന ചോദ്യത്തിന് നമ്മൾ ആ റൂട്ടിലല്ലാ പോകുന്നതെന്ന മറുപടിയാണ് ഭരതിൽ നിന്നും കിട്ടിയത് . മലനിരകൾ കേറുകയാണ് ക്ഷീണം വന്നു തുടങ്ങിയിരിക്കുന്നു. രാവിലെ ഇരിക്കുന്ന ഇരുപ്പാണ് . റോഡ് യാത്ര... ഇത്രയും നീണ്ടത് .... വയ്യ.... മണിക്കൂറുകൾ പോകുന്നു. 6,7,8 മണിയായി പെട്ടെന്ന് ഇരുട്ട് പരന്നു. സഞ്ചാരികളുടെ വാഹനങ്ങൾ പോയികൊണ്ടിരിക്കുന്നു സിംല സിറ്റിയിൽ എത്തി. ചിത്രങ്ങളിൽ കാണുന്ന വീടുകളും ഫ്ലാറ്റുകളും മഞ്ഞു വീഴുന്നുണ്ടോയെന്ന് നോക്കി. ഇല്ല നല്ല തണുപ്പുണ്ട് ഏകദേശം 9 മണിയോടെ ഞങ്ങൾ ഹോട്ടലിലെത്തി (wood park) അപ്പോഴേക്കും ക്ഷീണിതയായിരുന്നു . 12 മണിക്കൂർ യാത്ര. ഒന്നും കഴിക്കണമെന്ന് തോന്നിയില്ല. വിശപ്പുമില്ല. നാളെ രാവിലെയാണ് കാഴ്ചകൾ കാണാൻ ഇറങ്ങേണ്ടത്. ഉറങ്ങി,ഉഷാറാവേണ്ടതുണ്ട്. ഞങ്ങൾ ഗ്രൂപിൽ 'Good night from Simla 'എന്ന് type ചെയ്ത് ഉറങ്ങാൻ കിടന്നു 6 ദിവസം നീണ്ടു നിന്ന യാത്ര.......കണ്ട കാഴ്ചകൾ.........മനോഹരം.......വ്യത്യസ്ത അനുഭവങ്ങൾ.......പുതിയ അറിവുകൾ....... പുതിയ മനുഷ്യർ........എല്ലോം ജീവിതത്തിലെ പുതിയ പാഠങ്ങൾ.യാത്ര ഇവിടെ അവസാനിക്കുന്നില്ല വീണ്ടും തുടരുന്നു.

# ആഹ്ലാദം എന്നാൽ എന്ത്?



സിന്ധു ടി. (UPST)

ജീവിതത്തിലെ ആഹ്ലാദനിമിഷങ്ങളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കാൻ പറഞ്ഞാൽ ഭൂരിപക്ഷം ആളുകളും എഴുതുന്ന പൊതുവായ ചില കാര്യങ്ങളുണ്ട് . പഠനത്തിൽ ഉന്നതവിജയം നേടിയ സന്ദർഭം , ജോലിക്കു ചേർന്ന ദിവസം , വിവാഹദിവസം ,കുഞ്ഞുപിറന്ന ദിവസം.ആ ചക്രം അങ്ങനെ ഉരുണ്ടുകൊണ്ടേയിരിക്കും .ഒരു തലമുറയിൽ നിന്ന് അടുത്തതിലേക്ക്.

ജീവിതത്തിലെ സുപ്രധാന നിമിഷങ്ങൾ എല്ലാവരിലും ഒരേപോലെയായിരിക്കില്ല എന്നത് മറക്കുന്നില്ല. സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഓണത്തിനും വിഷുവിനും ക്രിസ്തുമസിനും തിളക്കം കൂടുതലാണല്ലോ ? എന്നും സമൃദ്ധിയുള്ളവന്റെ ആഘോഷങ്ങൾക്ക് അത്രയും തിളക്കമുണ്ടാവില്ല . ആഹ്ലാദം ജീവിതനിലവാരത്തിനും സാഹചര്യത്തിനും അനുസരിച്ച് മാറുന്ന ഒന്നാണ് .

ജീവിതത്തിൽ നാം അവഗണിച്ചുപോകാറുള്ള ഒരുപാട് ആഹ്ലാദങ്ങളുണ്ട് . നാം അറിയാനോ അനുഭവിക്കാനോ ശ്രമിക്കാത്ത ചെറിയ വലിയ സന്തോഷങ്ങൾ "ണംക്കളിക ണംക്കഠിപ" എന്നു കുഞ്ഞുണ്ണിമാഷ് പറഞ്ഞതോർക്കുന്നുണ്ടോ ? പഠിക്കണം , കളിക്കണം, രണ്ടും ആഹ്ലാദത്തോടെ ചെയ്യേണ്ടതാണ് . പഠനം കുട്ടികളുടെ കർത്തവ്യമാണ് ആദ്യവും അവസാനവുമായി തന്നോടുതന്നെയുള്ള കർത്തവ്യം . അന്നന്ന് എടുക്കുന്ന പാഠങ്ങൾ പഠിക്കാത്തവനു വേണ്ടി 'മടിയൻ മല ചുമക്കും' എന്നൊരു പഴഞ്ചൊല്ലും ഉണ്ടല്ലോ . പഠിക്കെടാ എന്നു പറയുമ്പോൾ 'മാതാപിതാക്കൾ ശത്രുക്കളായും വീട് തടങ്കൽപാളയമായും"തോന്നുന്നതായി വിനീത് ശ്രീനിവാസൻ പാടുന്നതായി കേട്ടല്ലോ ? അച്ഛനോ അമ്മയ്ക്കോ അധ്യാപകർക്കോ വേണ്ടി താൻ ചെയ്യുന്ന ഔദാര്യമോ അല്ലെങ്കിൽ തരുന്ന ഒരു ശിക്ഷയോ ആയി പഠനത്തെ കാണുമ്പോഴാണ് വിനീതിന്റെ





പാട്ടിലെ മാനസികനിലയിലെത്തുന്നത് . പഠനത്തെ ജീവിതത്തിലെ ആഹ്ലാദമായി എടുക്കാൻ കഴിയട്ടെ .

ആധുനികലോകത്തിൽ കുട്ടികൾക്ക് അനുകരണീയരാവില്ല എന്ന് വാദിക്കുന്നവരുണ്ട് . എല്ലാ നന്മകളും ചേർന്ന് ഒറ്റയൊരാളിൽ കണ്ടെത്തുക അസാധ്യമായിരിക്കാം. അല്ലെങ്കിൽ എല്ലാ നന്മകളും ചേർന്ന ഒരു മനുഷ്യൻ ഇന്ന് പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽ എത്തിപ്പെടാൻ സാധ്യത കുറവാണ് . പക്ഷേ ഒരാളിലും ഒരു നന്മയെങ്കിലും കാണാൻ കഴിയാതെ വരുന്നത് അക്ഷന്തവ്യമായ ഒരു അപരാധമാണ് . തങ്ങൾക്കു താൽപര്യമുള്ള മേഖലകളിൽ കഴിവു തെളിയിച്ച ഒരുപാടു മലയാളികളും, ഇന്ത്യാക്കാരും, വിദേശികളും ആ പ്രത്യേക മേഖലയിലെങ്കിലും അനുകരണീയരായി ഇന്നും കുട്ടിക ൾക്കു മുമ്പിലുണ്ട് . ഒരു ബുക്കർ സമ്മാനമോ ഓസ്കാർ അവാർഡോ ലോകസുന്ദരിപ്പട്ടമോ ഒളിംപിക് മെഡലോ ഇന്ത്യയിലേക്കെത്തുമെന്ന് നമ്മൾ സ്വപ്നം കണ്ടിരുന്നോ ? ടി. വി യിൽ റഹ്മാന്റെ 'ജെയ്ഹോ' കേൾക്കുമ്പോഴും, അഭിനവ് ബിന്ദ്ര മിന്നിമായുന്ന ക്യാമറക്കണ്ണുകൾക്കു നേരേ നിസ്സംഗനായി കൈവീശുമ്പോഴും നമ്മിൽ ആഹ്ലാദം പൂത്തുലഞ്ഞുനിന്നില്ലേ ? നമ്മിലെ ഇന്ത്യാക്കാരന്റെ ഓരോ അണുവിലും ആവേശവും അഭിമാനവും പൊട്ടിവിരിഞ്ഞില്ലേ ? റസൂൽ പൂക്കുട്ടി എന്ന പേരുള്ളതുകൊണ്ടുമാത്രം . 'പഴശ്ശിരാജ' കണ്ടവരില്ലേ ? ചിത്രത്തിലെ ഓരോ ശബ്ദത്തേയും നമ്മൾ കാതുകളിലേക്കാവാഹിച്ച . ദേശാഭിമാനത്തിന്റേതായ ആഹ്ലാദം , അത് നമമളിലേവരിലുമുണ്ട് .

ദൈവം തന്ന താലന്തുകൾ നമമളിൽ എല്ലാവരിലും ഉണ്ട്. നാമത് എങ്ങനെ വളർത്തിയെടുക്കുന്നു എന്നതാണ് പ്രധാനം . വിദ്യാർത്ഥികളുടെ കാമുകൻ എന്നറിയപ്പെട്ടിരുന്ന സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുള്ളത് ഇച്ഛാശക്തിയാണ് സർവപ്രധാനം എന്നാണ് . ഒരു ലക്ഷ്യം തീരുമാനിച്ചാൽ അതിലെത്താനുള്ള കഠിനധ്വാനം , അതിനായുള്ള ആത്മസമർപ്പണം , ലക്ഷ്യത്തിലെത്തി ചേരുമെന്നുള്ള ഉറച്ച വിശ്വാസം ഇതൊക്കെ ചേർന്നതാണ് ഇച്ഛാശക്തി . ഇതൊരു മന്ത്രമായി ജപിച്ചു നോക്കൂ... അവാച്യമായ ഒരു ആത്മവിശ്വാസം , അജയ്യത , ധൈര്യം ഒക്കെ നിങ്ങളുടെ മനസിൽ വന്നു നിറയുന്നതായി അനുഭവപെടുന്നില്ലേ ? അസാധ്യമായി ഒന്നുമില്ല എന്ന്

നെപ്പോളിയൻ പറഞ്ഞതിനു തെളിവായി ഒരുപാടു ജീവിതങ്ങൾ നമ്മുടെ മുന്നിലില്ലേ ? ഹെലൻ കെല്ലർ , സ്റ്റീഫൻ ഹോക്കിംഗ്സ്, വീൽചെയറിൽ നീങ്ങി സാക്ഷരതാപ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിച്ച റാബിയ . അവർക്കൊക്കെ സാധിക്കുമെങ്കിൽ എന്തുകൊണ്ട് നമുക്ക് പറ്റില്ല? നമമുടെ ഉള്ളിലെ ഈശ്വരനെ ഉണർത്തുക. ആത്മാവിന് ശരീരത്തേക്കാൾ ശക്തിയുണ്ട് . നമ്മിലെ ഇച്ഛാശക്തിയെ വളർത്തിയെടുക്കുക .

ആഹ്ലാദത്തെക്കുറിച്ചല്ലേ പറഞ്ഞുവന്നത് ? നാം ചെയ്യേണ്ട ഒരു ജോലി ഭംഗിയായി ചെയ്യുമ്പോൾ ലഭിക്കുന്ന ആഹ്ലാദം നമ്മളിൽ പലരും അനുഭവിച്ചിരിക്കും . ഒരേ ജോലി തന്നെ എങ്ങനെയെങ്കിലും ചെയ്യുമ്പോഴും അതിൽ പൂർണമായി മുഴുകി ലയിച്ച് ആത്മാർത്ഥയോടെ ചെയ്യുമ്പോഴും നമുക്കുണ്ടാകുന്ന തൃപ്തിയിൽ വ്യത്യാസമില്ലേ ? പഠനത്തിന്റെ കാര്യവും ഇതുതന്നെ.

ഒരു വെണ്ട വിത്ത് പാകി മുളപ്പിച്ച് നനച്ചുവളർത്തി പൂ കൊഴിഞ്ഞുപോയ ഭാഗത്ത് ഒരു വെണ്ടയ്ക്ക് കുഞ്ഞ് തലനീട്ടുന്നതുകാണുമ്പോൾ തോന്നുന്ന ആഹ്ലാദം നമ്മളെല്ലാവരും കഴിഞ്ഞ വർഷം അനുഭവിച്ചതല്ലേ ? ഒരിലയിലെങ്ങാനും ഒരു പുഴു വന്നിരുന്നാൽ അവനെ നമ്മൾ കാച്ചിക്കളയും അല്ലേ ? പ്രകൃതിയിൽ തങ്ങൾക്കാവുന്ന പച്ചപ്പ് പടർത്താൻ ശ്രമിക്കുമല്ലോ?

ഒ. എൻ. വി. യുടെ കവിതയോ , പൈഥഗോറസിന്റെ സിദ്ധാന്തമോ എന്തുതന്നെയായാലും ക്ലാസ്സ് എടുത്തുകഴിഞ്ഞാൽ ഇന്നു പഠിച്ചത് അടുത്തിരിക്കുന്നയാളിനോട് ചർച്ച ചെയ്യാൻ പറയാറുണ്ട് . ആ സമയം ചില മുഖങ്ങളിൽ ആഹ്ലാദത്തിന്റെ പ്രകാശം കാണാം. പാഠം മനസ്സിലാവാത്ത ഒരാൾക്ക് അതു പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുമ്പോഴുള്ള ആഹ്ലാദം . നിങ്ങൾ ചെയ്തത് ഒരു മഹാകാര്യം തന്നെയാണ് . അതുകൊണ്ടാണ് നിങ്ങൾക്ക് അത്രയും സംതൃപ്തി തോന്നുന്നത്.

ഉച്ചയൂണ സമയത്ത് എന്നും പയറുമാത്രം കഴിക്കുവാൻ വിധിക്കപ്പെട്ട നിങ്ങളുടെ സഹപാഠിക്ക് നിങ്ങളുടെ ഏറ്റവുമിഷ്ടപ്പെട്ട കറി പങ്കുവെക്കുമ്പോൾ എന്താണ്

തോന്നാറുള്ളത് ?" അതെ, അതാണ് ആഹ്ലാദം . രാവിലെ തന്നെ മുഖം വാടിയിരിക്കുന്നവനോട് "എന്താടാ നീയിന്ന് ഒന്നും കഴിച്ചില്ലേ ?" എന്ന ചോദിക്കാൻ മറക്കുകയില്ലെന്ന് കരുതട്ടെ . അതൊരു ഔപചാരിക ചോദ്യമായി അവസാനിപ്പിക്കാതെ "അണ്ണാൻ കുഞ്ഞിനും തന്നാലായത്" ചെയ്യാനും ശ്രമിക്കുമല്ലോ . കൊടുക്കുന്നതിലാണ് ആഹ്ലാദം . ഈശ്വരൻ തരുന്ന ഭാഗ്യങ്ങളിൽ ഒരു പങ്ക് സഹജീവികൾക്ക് പങ്കുവെക്കാൻ മനസ്സുള്ളവർ സന്തോഷവാനായിരിക്കും . കൊടുക്കുന്നത് നമ്മുടെ പ്രിയപ്പെട്ട ഒന്നാണെങ്കിലും നഷ്ടബോധമല്ല തോന്നുക . എന്തോ നേടിയ സംതൃപ്തിയാണ് .

രാജ്യത്തിനുവേണ്ടിയോ മനുഷ്യരാശിക്കുവേണ്ടിയോ സ്വാർത്ഥലേശമില്ലാതെ കർമ്മം ചെയ്യുന്ന ഒട്ടേറെപ്പേരുണ്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ . തീവ്രവാദി ആക്രമണങ്ങളെ ചെറുത്തു സ്വജീവൻ വെടിഞ്ഞ് ധീരസൈനികർ. ഒരു ജോലിയായി, സാമ്പത്തിക ഘടകങ്ങൾ മാത്രം നോക്കിയാണോ ഒരാൾ സൈന്യത്തിൽ ചേരുന്നത് ? സാമ്പത്തിക ഘടകങ്ങൾ മാത്രം പരിഗണിക്കുകയാണെങ്കിൽ അതിനേക്കാൾ മെച്ചവും സുരക്ഷിതവുമായ മറ്റെത്രയോ തിരഞ്ഞെടുപ്പുകൾ സാധ്യമാണ്. സൈനികനാവണം എന്ന വികാരത്തിനു പിന്നിൽ മറ്റെന്തൊക്കെയോ ശക്തമായ വികാരങ്ങളില്ലേ? ദേശസേവനം നൽകുന്ന ആഹ്ലാദമാവാം അവരുടെ പ്രജോദനം. എന്നതുതന്നെയായാലും നമ്മളെല്ലാം സുരക്ഷിതമായ ഇടങ്ങളിൽ ഉറങ്ങുണമ്പോഴും ഉറക്കം വെടിഞ്ഞ് അത്യുഷ്ണത്തിലും അതിശൈത്യത്തിലും കാട്ടിലും,മേട്ടിലും,മരുഭൂമിയിലും രാഷ്ട്രത്തിനും,ജനങ്ങൾക്കും കാവൽ നിൽക്കുന്നവരെ നമിക്കാതെ വയ്യ. വികലാംഗരായും നിർജ്ജീവ ശരീരങ്ങളായും അവർ നാട്ടിലെത്തുമ്പോൾ ഒന്നോ രണ്ടോ ദിവസം നാം മാധ്യമങ്ങൾക്കൊപ്പം കണ്ണീർ പൊഴിക്കും. പിന്നീടങ്ങോട്ട് അവരെ അവരുടെ ഉറ്റവരെ ആരാണ് ഓർക്കാറുള്ളത്? നമ്മുടെ പ്രാർത്ഥനകളിൽ അവരെ നമുക്ക് ഓർക്കാൻ കഴിയട്ടെ.

കുട്ടികൾ മുതിർന്നവരെ പലപ്പോഴും അതിശയിപ്പിക്കുന്നു. പെട്ടെന്ന് പണമുണ്ടാക്കണം എന്നതാണ് ഇന്നത്തെ തലമുറയുടെ ലക്ഷ്യം എന്നു തോന്നും. ബൈക്കിൽ പാഞ്ഞുനടന്ന് പട്ടാപ്പകലും കൊള്ള നടത്തുന്നവരുടെ കാലം. കോണിച്ചുവട്ടിൽ നിന്നു കിട്ടിയ നാലായിരം രൂപ ഓഫീസിൽ ഏൽപ്പിച്ച കുട്ടികൾ അതിശയിപ്പിക്കുന്നു. വളരെയൊന്നും സൗകര്യങ്ങളില്ലാത്ത വീടുകളിൽ നിന്നുവന്ന്





സംസ്ഥാന സ്കൂൾ കായികമേളയിലേക്ക് എൻട്രി നേടുന്നവരും അതിശയിപ്പിക്കുന്നു. മുഖത്ത് നാനാഭാവങ്ങൾ നിറച്ച് ജില്ലാതലമത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നവരും, രാത്രിയും രാവിലെയും ഒന്നും കഴിക്കാതെ വന്നിട്ടും രാവിലെ നാലാമത്തെ പിരീയഡും അതിസമർത്ഥമായി കണക്കിന്റെ കുരുക്കുകൾ അഴിക്കുന്ന ആ കുട്ടിയും അതിശയിപ്പിക്കുന്നു. പ്രതിഭയുടെ വിരൽസ്പർശമുള്ള ഒട്ടനവധി കുട്ടികൾ വേറെയുമുണ്ട്. അവരവരുടെ മേഖലകളിൽ മികവുപുലർത്താൻ ഓരോരുത്തർക്കും കഴിയട്ടെ.

കുട്ടികളേ , നിങ്ങളുടെ മുന്നിൽ ഞങ്ങൾ വലിയവർ ഒന്നുമല്ല. നിങ്ങളിൽ നിറയെ നന്മകളാണ്. ദൈവം ഞങ്ങൾക്കായി ഒരുക്കിവിട്ട പൂക്കുടകൾ. നിങ്ങളുടെ മനസ്സിന്റെ ഭംഗി കാണാൻ ,നിങ്ങളോടൊപ്പം വർഷങ്ങൾ കഴിക്കാൻ സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയട്ടെ. നിങ്ങൾ ഉയർന്ന ഇരിപ്പിടങ്ങളിലിരുന്ന് ലോകത്തിന് മാതൃക കാണിക്കുമെന്ന് ആശിക്കട്ടെ.



# AN AMBITIOUS GIRL



Esha Mariya ( IX A)

World is big, seen in a book with inspiring words
of education.
World is big, seen in a pen with ink filled of education.
World is big, seen in a teacher with basic lesson of education.
World is big, seen in a girl with an ambitious journey to education.

World is not big, which none seems without a true education to all.
One child, one book, one pen, one teacher can change the world.
A tribute to malala



# BUTTERFLY

Athira Saji (IX A)



I am the queen of butterfly
Who fly over the flowers
I sip honey when i am thirsty
I am friendly with all of them .

But children scare me
Because they catch me all the time.



I am happy when i sip honey
I love flower
Very much and very much
I am alone in this life.









# My mother

Archana K.S.(IX A)

Mother, you gave me birth
And you made me living worth
You gave me love and care
And you made me everybody's dear

You gave me in my needs
And you helped me in my deeds
You are with me in my name
And you are my only fame

Mother, you gave me birth
And you made me living worth.





# MY UNIQUE DREAM



**Esha Mariya (IX A)**

Travel to amazing places. which goes through
unnoticed unique way.
Is my dream, my only dream
I went through many
But not yet found my way my place
Plants and trees been craze to a friend of mine
With him i rode to a silent place with full of trees and bushes
Which cover, the way to make more green
A pleasant sweet place.
But not the unique place of my dreams.

Quickly turn the place to dark. And came a terrible voice to make the place unpleasant and came a huge wind. To deduct me to a small cave which leads to a way of my dreams. My unique way of my dream. The trees of bamboo grown tall and cover the way like tunnel. Walked and admired the way. The way is endless and on hit a huge fruit on my head, which is very tasty and fruity. And was as of the size of my head.

I went through and through.......... To my endless unique dream............





# RAINY DAYS



Aswathy Jhyothish ( IX A)

Rainy days rainy days
I can play in water
I can see water droplets
Which make me happy.

I like rain very much
Because when i am gloomy
It make me happy
It wake up me from-
My sadness to dreams.





# WONDER MAN



Esha Mariya (IX A)

Wonder man wonder man

Wonder man is coming.....

To the hill of my tops

Where i eat my gooseberries....

The man is wondering

My body parts are  working

The hands and legs are dancing

To the hill of my tops

Where i saw my gooseberries....


I dream my berries

I pluck them to

But the man is wondering....

Still he is wondering.








# PERFECT SQUARE

DENNY MATHEW, HST(MATHEMATICS)

We know that 1,2,3,4..........are the set of natural numbers. Can you recall the squares of natural numbers 1,4,9,16...... They are called Perfect squares. Is 900 a perfect squares ?.




Yes because it is the square of 30. Is 60 a perfect square ? No because there is no natural number whose square is 60. perfect squares can be expressed using exponents . For example $25=5^2$. let n be a natural number $n^2$ is a perfect square. Perfect squares can be represented geometrically by dots in row and columns forming a square as shown .

## CHARACTERISTICS OF PERFECT SQUARE

The digits in the unit place of a perfect square is seen as one of the digits 0,1,4,5,6 and 9.in other words a number ending in 2,3,7 or 8 can never be a perfect square . Further the numbers zeros in the end of a perfect square is zero. The square of odd numbers are always odd since 2n + 1 is an odd number then its square. $(2n + 1)^2 =4n^2+4n+1 = 4(n^2+n)+1$ is also odd. Similarly the square of even numbers

are always even, since 2n is an even number then its square$(2n)^2=4n^2$ is an even number.

- If the last digit is 0,its square ends in 00 and the preceding digits must also from a square .(ex:$30^2$=900, $70^2$=4900)
- If the last digit of a number is 1 or 9 ,it's square ends in 1 and the number formed by it's preceding digits must be divisible by four.(ex;$11^2$=121,$19^2$=361)
- If the last digit of a number is 2 or 8,its square ends in 4 and the preceding digit must be even.(ex.$12^2$=144,$18^2$=324)
- If the last digit of a number is 3 or 7 ,it's square ends in 9 and the number formed by it's preceding digit must be divisible by four.(ex;$13^2$=169,$17^2$=289)
- If the last digit of a number 4 or 6,it's square ends in 6 and the preceding digit must be odd.(ex:$14^2$ =196 , $16^2$ =256)
- If the last digit of a number is 5 it's square ends in 25 and the preceding digits must be even.(ex:$15^2$=225,$25^2$=625,$35^2$=1225)

## REPRESENTATION OF PERFECT SQUARES IN DIFFERENT WAYS

- **$n^{th}$ square number ($n^2$) is equal to the sum of the first n odd numbers ($3^2$ =1+3+5=9)**

- **$n^{th}$ square number ($n^2$)is equal to doubling then (n-1) th square subtracting (n-2) th square number and adding 2. $n^2$= $(n-1)^2$-$(n-2)^2$+2 (ex:$3^2$=2(3-2)+2=8-1+2=9)**

- **nth square number (n2) is equal to adding together the last square (n-1)2 the last square root (n-1) and the current root (n) {$n^2$=$(n-1)^2$ +(n-1)++n} (ex:32 =$(3-1)^2$ +(3-1)+3=4+2+3=9)**


- **$n^{th}$ square number ($n^2$) is equal to sum ($n^2$) is equal to sum of last square $(n-1)^2$ and $n^{th}$ odd number (2n-1),{$n^2$=$(n-1)^2$+(2n-1)}**

- **n $^{th}$ square number ($n^2$) is equal to twice of sum of 1 to (n-1) and adding to n [$n^2$ = 1+1+2+2+3+3+..................................................+(n-1)+(n-1)+n] [ex:32=1+1+2+2+3=9]**

## PERFECT SQUARED SQUARES


**A perfect squared square is a square such that each of the smaller squares as a different size . It is first recorded as being studied by R. L. Brooks, C. A. B. Smith and W. T. Tutte , at Cambridge**






University. they transformed the square tiling at an equivalent electrical circuit-they called it Smith diagram – by considering the squares as resistors that connected to their neighbours at their top and cuit. The first perfect squared square was found by Roland Sprague in 1939 if we take such a tiling and enlarge it so that the formely smallest tile now has the size of the squares each having a squares we started out from then we see that we obtain from this a tilling of the plane with integral squares each having a different size. A simple squared square is one where no subset of the squares forms a rectangle or square otherwise it is compound. The simple perfect squared square was discovered by A. J.W. Dujvestijn using a computer search . His tiling uses 21 squares, and has been proved to be minimal. The smallest perfect compound squared square was discovered by T. H. Willcocks in 1946 and has 24 squares; however it was not until 1982 that Duijvestijn, Pasquale Joseph Federico and P. Leeuw mathematically proved it to be the lowest order example.

Lowest order perfect squared square



# THE SQUARE PYRAMIDAL NUMBERS




The sum of the perfect squares are known as square pyramidal numbers. The sum of the series of power numbers $\sum n^2=0^2+1^2+2^2+3^2+\ldots\ldots\ldots\ldots\ldots\ldots\ldots\ldots+ n^2$ can also be represented by formula . The first terms of this series(the square pyramidal numbers) are :0,1,5,14,30,55, 91,140,240,285,385,650,819,1015,1015,1240,1496,1785,2109,2470,2870,3311,3795,4324,4900,5525,6201

## SPECIAL CASE FOR FINDING PERFECT SQUARES

- If the number is of the form m5 where m5 represents the preceding digits its square n25 where n= m x( m +1) and represents digits before 25. for example the square of 65 can be calculated by n =6 x (6+1)=42 which makes the square of equal to 4225.

- If the number is of the form *m0* where *m* represents the preceding digits,its square is n00 where n=m2.for example the square of 70 is 4900.





- If the number has two digits and is of the form 5m where m represents the units digit,its square is aabb where aa =25+ m and bb =m2 . Example : to calculate the square of 57,25+7=32 and 72 =49, which means 572 =3249.

- If the number (n) is less than 50 and $n^2$ =axy where xy is the last two digits of the number then(50-$n^2$)=bxy . For example : if $24^2$=576 then $26^2$=676.

- Perfect squares of integers which only digits '1' are palindrome numbers.

$11^2$=121

$111^2$=12321

$1111^2$=1234321

$11111^2$=123454321

$111111^2$=12345654321

$1111111^2$=1234567654321

$11111111^2$=123456787654321

$111111111^2$=12345678987654321

# TEST FOR A PERFECT SQUARE

**We have already learnt the characteristics of the perfect squares. When we factorise a number of the prime factors occur in pairs then the number is perfect square. For example let us test whether 1728 is a perfect square or not since the number ends in 8. we know that is a not a perfect square. Let us test another number. Consider the number is 2156. what is the procedure? Split 2156 into prime factors and group them using exponents as given below. 2156 =2x2x7x7x11=22x72x11. Are all the prime factors in pair . In this case one of the prime factors i.e.11 has no pair. Hence 2156 is not a perfect square. If we could supply one more 11 as a factor to make it a pair it becomes a perfect square. This can be done by multiplying the given number by 11. similarly if we remove the single prime factor 11 by dividing the number 11. then the resulting number will be a perfect square. If 2156 is divided by 11,the quotient 196 is a perfect square.**


***Steps to find the square root of a perfect square(factorisation method)***

1) **split the given perfect square number into prime factors occurs in prime.**

2) **From each pair select one**

3) **Find the product of factors selected in this way. This product will give the square root of given number. e.g. find the square root of 225**






1) Factorise 225 into its prime factors and express the number as the product of its factors 225=3x3x5x5.

2) Taking the product of numbers taken one from each pair we get 225 =(3x5)x(3x5).

3) Square root of 225 =3x5=15.




Perfect square trinomials

A visual illustration of the identity $(a+b)^2 = a^2+2ab+b^2$ some quadratics can be factored into two identical binomials. These quadratics are called perfect square trinomials. perfect square trinomials can be factored as follows :$a^2+2ab+b^2=(a+b)^2$,and $a^2-2ab+b^2=(a-b)^2$.

Sum/difference of two square

Another common type of algebraic is called the difference of two square. It is the application of the formula $a^2-b^2 =(a+b)(a-b)$ to any two terms..,,whether or not they are perfect square,if the two

terms are subtracted,simply apply the formula. This formula can be represented as=$a^2+b^2=(a+bi)(a-bi)$. For example, $4x^2+49$ can be factored into(2x+7i)(2x-7i). Since the product of real negative numbers is positive,and the product of two real positive numbers is also positive, it also follows that no square number is negative .it follows that no square root can be taken of a negative number within the system of real numbers. This leaves a gap in the real number system that mathematicians fill by postulating complex numbers, beginning with the imaginary unit i, which by convention is one of the square roots of -1.

## USES OF PERFECT SQUARE

*According to the pythagorean theorem "in any right triangle the square of the measure of the hypotenuse is equal to the sum of the square of measure of its base and altitude [$base^2+altitude^2=hypotenuse^2$] This helps us to calculate the length of any side of right triangle.

*Area of the square is square of its side $A=a^2$area of an equilateral triangle $A=3/4a^2$,area of regular hexagon $A=\frac{6\sqrt{3}}{4}a^2$

*squaring is used in statistics in determining the standard deviation of a set of values . The deviation of each value of $x_i$ from the x of the set is defined as the difference xi-x, these deviations are squared . The a mean is taken of the new set of numbers (each of which is

positive). This mean is the variance, and it's square root is the standard deviation. In finance,the volatility of a financial is the standard deviation of it's values.

### *Facts related to perfect squares*

- Both the first and the last single digit numbers are perfect squares.(1,9)
- No negative number can be a perfect square.(-1,-2,-3,.......)
- No perfect number can be a perfect square.
- No prime number can be perfect square.(2,3,5)
- A number which is the perfect square of a prime number has only 3 factors(s) that is 1,number itself and it's square root (e.g: 9 has the factors 1,3 and 9)
- Squares of odd numbers are odd and squares of even numbers are even.
- If a perfect square has zeroes in it's end,the number of zeroes should at the end should be even.
- All fourth powers,sixth powers, eight powers, tenth powers are perfect squares(eg:$2^4$=16,$2^6$=64 $2^8$=256, $2^{10}$=1024)

- 64 is the first and only 2 digit perfect square of a perfect cube. ($64=8^2=4^3$)

- 49 is a perfect square in which each digit is a perfect square. (in 49,$4=2^2$ and $9=3^3$)

- 81 is a perfect square in which each digit is a perfect cube. (in 81,$8=2^3$ and $1=1^3$)

- If c=a+b and d=a-b then by the parallelogram law $c^2=2(a^2+b^2)-d^2$ (eg:$11^2=2(7^2+4^2)-3^2$)

- 7744 is the only known perfect square with no isolated digits .

- 3 is the only number which is the predecessor of a square ( 3 is the preaecessor of 4)

- 81 is the only number which is the square of the sum of it's digits, ( $81=(8+1)^2$

Every non-negative natural number is the sum of four or fewer square. (lagrange's four -square theorem)





$1=1^2$

$2=1^2+1^2$

$3=1^2+1^2+1^2$

$4=2^2$

$5=2^2+1^2$

$6=2^2+1^2+1^2$

......................

# पर्यावरण प्रदुषण



**अबिनव ए. पी. (X . B)**

कितने अच्छे थे हमारे **प्रकृति**! पेड-पौधें,विविध तरह की जीवों,जंगल,नदी आदी से भरा ! यह **प्र**कृती तो हमारा वरदान है। लेकीन हमने उससे कैसे उपयोग किया? **प्रकृति** की सुंदरता अब हमारा पर्यावरण की हालत भी ऐसे ही है। देखो हम कितना भडा गलती किया है!

पर्यावारण **प्र**दुषण का अर्थ होता है पर्यावरण का विनाश। यानी की ऐसे माध्यम जिनके कारण हमारा पर्यावारण दूषित होता है। इसके **प्र**भाव से मनुष्य और **प्र**कृतिक दुनिया को ना भूगतना पड़े उससे पहले हमें इसके विषय में जानना और समझाना हेगा।

कई लोग अपनी गलती को पहचाने नहीं, लकीन बाकी लोग उसकी मलती अपने बोध से करता है। अपने गलती को चुपाने वाले है असल में बहुत बडा गलती करनेवाला। उसको पता है की कई काम करने से पर्यावारण **प्रदू**षित होता है।पर्यावारण **प्रदू**षण के बारे में जाननेवाला लोग से इसका विनाशकरों का विपत्त को सूचित करने चाहिए। वह उसका दायित्व।ज्ञान सिर्फ काम करने पर नहीं समूह के लिए एक अच्छे कार्य**क्र**म करने के लिए भी उपयोग करते है।मुख्य **प्र**कार के पर्यावरण **प्र**दुषण

है-वायु **प्र**दुषण,जल **प्र**दुषण,ध्वनि **प्र**दुषण,ऊष्मीय **प्र**दुषण,मिट्टी **प्र**दुषण और **प्र**काश **प्र**दुषण। धीरे-धीरे विश्व की जनसंखया बढती चली जा रही है।

जिसके कारण लोग घर बनाने के लिए वनों कि कटाइ ज़ोरो से कर रहे है। इन बाते **10-5** सालों में वनों की कटाई के कारण **पृ**थ्वी में कई **प्र**कार के खतरनाक गैसीय उत्सर्जन हुए है। नदी के ऊपर मिट्टी डालकर लोग वहाँ फाक्टरी,घर आदि बनाते है। अब गाडियाँ भी बढती जा रही है। उससे निकलते हुए विषमय वायु मनुषय तो कैसे तरह की बीमार पहुँचता भी कम हो रही क कारण पर्यावारण में जीव-वायु का लभ्यता भी कम हो रही है, इसी हालत में इस **प्र**थ्वी पर कौन रहेगा? पेड हमको गर्मी से छाया देती है। अब देश सालों से अब हम पर गर्मी ही है।पर्यावारण को दूषित करनेवालों से **प्र**कृति वापस मारेंगे।इसका एक उदाहरण है **2018** मां केरल में हुआ बाँढ।उस बाँढ दुनिया में हुआ बढे-बढे बाढों के स्थान पर है।केरल है 'भगवान का अपना गेद'।इसका मतलब है कि केरल में बी लोग **प्र**कृति को ध्यान रखते है।वहाँ का जलवायु दुनिया के बडे और शहरों से ही अच्छा जलवायु है।मनुष्य और **प्र**कृति मिल जुलकर जीनेवाला देश है केरल।लेकिन केरल जन भी अब पर्यावारण को **प्र**दूषण करना शुरु कर दीया है।अब केरल जन भी अब पर्यावरण को **प्र**दूषण करना शुरु कर दिया है।अब केरल एक शहर हो जा रहे है,नदी पर कूडे कचरा फेंकता है।पर वह जानते नहीं कि मिट्टी और नदी पर फेंकते हुऐ कचरा उसका घर के पास आता है।यह साबित किया केरल में हुआ बाँढं।कितने -कितने लोग इस बाढं पर मर चुके है।उसकी संखया मनुष्य **प्र**कृति में मेरा जानवरों की संखया से छोडा है।

**प्र**कृति ने मनुष्य की गलती के लिए दंड दिये है।कितने लोग की धर पानी के नीचे हुए? बडी विनाश केरल में हुआ। लेकिन अभी-अभी वह उसके

കാൽഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിലെ 2018-19 അദ്ധ്യയന വർഷത്തിലെ പി.ടി.എ ജനറൽ ബോഡി മീറ്റിങ് 7 -9 -2018 ൽ പ്ലസ്സ ഹാളിൽ വെച്ച് നടന്നു. Principal Dr Aby Paul മാഷ് സ്വാഗതം ആശംസിച്ചു.PTA Vise President Sri Joyson Paul ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം, Manager Rev Fr David KJohn നടത്തുകയുണ്ടായി. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. Head Mistress Smt Remy chungath റിപ്പോർട്ട് അവതരിപ്പിച്ചു.SSLC പരീക്ഷയിൽ മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് ട്രോഫിയും ക്യാഷ് അവാർഡുകളും വിതരണം ചെയ്തു. ഈ വർഷത്തെ PTA ഭാരവാഹികളെ തിരഞ്ഞെടുത്തു. PTA പ്രസിഡണ്ട് ആയി Karolin Joshwa യും വൈസ് പ്രസിണ്ടന്റായി Shahul Hameed ഉം Mother PTA പ്രസിണ്ടന്റായി Girija P യും തിരഞ്ഞെടുക്കുകയുണ്ടായി.ചടങ്ങിന് ശ്രീമതി ലീന ടീച്ചർ നന്ദി പറഞ്ഞു.

## Dry Day

Chaldean Syrian HSS ൽ 7 -9 -2018 ന് dry day ആചരിച്ചു. വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയാണ് ഈ ദിനം കൊണ്ട് ഉദ്ദേശിക്കുന്നത്. കൊതുകിന്റെ ലാർവകളെ നശിപ്പിച്ച് കൊതുകുകൾ പെരുകാനുള്ള സാഹചര്യം ഒഴിവാക്കുന്നതുമൂലം രോഗങ്ങൾ തടയാൻ സാധിക്കുന്നു.



## വിദ്യാർത്ഥികൾ മാധ്യമ ലോകത്തേയ്ക്ക്

സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളിൽ പത്രാവബോധം വളർത്തുന്നതിനും അതോടൊപ്പം മാധ്യമ രംഗങ്ങളിൽ അവരുടെ കഴിവ് വളർത്തുക എന്ന ലക്ഷ്യത്തോടെ സ്കൂൾ



തല വാർത്താ വായന മൽസരം 12-9-2018 ന് സംഘടിപ്പിച്ചു.

വിദ്യാർത്ഥികൾക്ക് അരമണിക്കൂർ സമയം പത്രങ്ങൾ നൽകി വാർത്തകൾ വിശകലനം ചെയ്യാൻ സമയം നൽകി.അവർ തയ്യാറാക്കിയ വാർത്തകൾ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് മിനിട്ടിലേയ്ക്ക് ചുരുക്കി വാർത്താവതരണത്തിനുള്ള അവസരം നൽകി. സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിലയിരുത്തി വിജയികളെ കണ്ടെത്തി. 1st. Raghuram , 2nd. Aryadas ,3rd. Aksa Benny .വിജയികൾക്ക് അസംബ്ലിയിൽ വെച്ച് സമ്മാനം നൽകുകയും ചെയ്തു.

## हिंदी दिन समारोह

14-9 -2018 में सि एस एच एस एस में हिंदी दिन समारोह बड़ी धूमधाम से मनाई गई। सबेरे स्कूल सभा में हिंदी में बच्चें ने कई कार्यक्रम चलाई। ' राष्ट् भाषा ' के महत्व के बारे में लिमा रोस - ने एक भाषन दिया। बाद में एक गीत सुनाई। हिंदी दिन के सिलसिले में एक पोस्टर तैयारी प्रातियोगिता भी चलाएँ।विजेताओं को पु२स्कार भी देती थी।

## മലയാളം ക്ലബ്ബ്



വായനാദിനത്തോടനുബന്ധിച്ച് UP, HS തലത്തിൽ നടത്തിയ ക്വിസ് മൽസരം, പ്രസംഗം, കവിത എന്നീ ഇനങ്ങളിൽ പങ്കെടുത്ത് വിജയിച്ച വിദ്യാർത്ഥികൾക്ക് ഹെഡ്മിസ്ട്രസ് ശ്രീമതി റെമി ചുങ്കത്ത് ടീച്ചർ സമ്മാനങ്ങൾ നൽകി.

## PCRA ചിത്രരചനാ മൽസരം, ഉപന്യാസ മൽസരം

PCRA യുടെ ആഭിമുഖ്യത്തിൽ സ്കൂൾ തലത്തിൽ ഹൈസ്കൂൾ, യു പി

വിഭാഗത്തിലെ കുട്ടികൾക്ക് 25-9-18 ചൊവ്വാഴ്ച ചിത്രരചന, ഉപന്യാസ മൽസരങ്ങൾ നടത്തി.ഓരോ വിഭാഗത്തിലേയും മികച്ച രണ്ട് സൃഷ്ടികൾ തുടർമൂല്യനിർണ്ണയത്തിനായി അയച്ചുകൊടുത്തു.

## NTPC ചിത്രരചനാ മൽസരം

NTPC യുടെ നേതൃത്വത്തിൽ കാൽഡിയൻ സിറിയൻ HSS ൽ 25-9-18 ചൊവ്വാഴ്ച ചിത്രരചനാ മൽസരം നടത്തി.Section A(5,6), Section B(7,8,9) എന്നി രണ്ട് വിഭാഗങ്ങളിലായാണ് മൽസരങ്ങൾ നടത്തിയത്.മികച്ച രണ്ട് സൃഷ്ടികൾ മൂല്യനിർണ്ണയത്തിനായി അയച്ചുകൊടുത്തു.



## ATAL Tinkering Lab -ഉൽഘാടനം.

Chaldean Syrian HSS ലെ ATAL Tinkering Lab ന്റെ പ്രവർത്തനോൽഘാടനം 27 - 9 - 18 വ്യാഴാഴ്ച രാവിലെ 10 മണിയ്ക്ക് ബഹുമാനപ്പെട്ട മാനേജർ Rev. Fr. David K. John നിർവ്വഹിച്ചു. ചടങ്ങിൽ PTA പ്രസിണ്ടന്റ് ശ്രീമതി Karolin Joshwa, Principal Dr Aby Paul, Headmistress Smt Remy chungath, PTAmembers, Staff, Students തുടങ്ങിയവർ പങ്കെടുത്തു. ATALTinkering Lab ന്റെ പ്രാധാന്യത്തെപ്പറ്റിയും പ്രവർത്തനത്തെപ്പറ്റിയും Sri Joji Sir വിശദീകരിച്ചു.



## Blue Army

ജല രക്ഷ ജീവൻ രക്ഷ പദ്ധതിയുടെ നേതത്വത്തിൽ Chaldean Syrian HSS ലെ 8-10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഒരു യോഗം വിളിച്ച് ചർച്ച നടത്തി.സ്കൂളിലെ പൈപ്പുകൾ ഏതെങ്കിലും പൊട്ടിയത് കണ്ടാൽ അത് സ്കൂൾ അധികൃതരെ അറിയിക്കാൻ ലീഡർമാരെ തിരഞ്ഞെടുത്തു.



# Chaldean Voice

GENERAL BODY MEETING

NATIONAL LANGUAGE DAY

FLOOD RELIEF FUND



# Chaldean Voice

PROUD MOMENT

Aungam Bimal of STD IX B won the silver medal in under 17 State Cadet Fencing Championship held at Manchery.

ALL PRAYERS FOR OUR DEAR FRIEND....

Handed over our token of love, a sum of Rs 50,000 to the father of our student from IX B who is undergoing treatment in RCC,Trivandram.

OUR PRIME PURPOSE IN LIFE IS TO HELP OTHERS

Student, PTA members and staff contributed whole heartedly for our friends to survive the wrath of the flood disaster. Many of them contributed notebooks, school bags, dresses, utensils and provisions. The act was really appreciatable and need a big applause.On Sept 5,2018 students and staff who actively took part in helping the people in various relief camps were honoured by giving medals.kits containing the contributions from the students were also distributed in the open assembly



ALL PRAYERS FOR OUR DEAR FRIEND....

Handed over our token of love, a sum of Rs 50,000 to the father of our student from IX B who is undergoing treatment in RCC,Trivandram.

## OCTOBER – 2018

### National spell Bee Winner



പാലക്കാട് വെച്ച് നടന്ന National Spell bee മൽസരത്തിന്റെ Kerala state level grand finale യിൽ കാൽഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിലെ Bavin K D, ഇരുപത്തിമൂന്നാം റാങ്കിന് അർഹനായി. സ്കൂൾ

അസംബ്ലിയിൽ വെച്ച് HM ശ്രീമതി റെമി ചുങ്കത്ത് ടീച്ചർ certificate ഉം Gold medal ഉം Bavin ന് സമ്മാനിക്കുകയുണ്ടായി.



## Little Kites Sub District Camp

തൃശ്ശൂർ ഈസ്റ്റ് ഉപജില്ലയുടെ little kites കുട്ടികളുടെ ക്യാമ്പ് 2018 ഒക്ടോബർ 5, 6 തീയതികളിൽ തൃശ്ശൂർ കാൽഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടന്നു.Kite master trainer രാജീവ് മാസ്റ്റർ ,കിഴപ്പുള്ളിക്കര Govt HSS സ്കൂളിലെ Dr.ശിവലാൽ മാസ്റ്റർ, കാൽഡിയൻ H ss ലെ ഡെന്നി മാസ്റ്റർ, സനിൽ മാസ്റ്റർ എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി. Animation വിഭാഗത്തിൽ 8 വിദ്യാലയങ്ങളിൽ നിന്നായി 22 കുട്ടികളും, Programming വിഭാഗത്തിൽ 8 വിദ്യാലയങ്ങളിൽ നിന്നായി 22 കുട്ടികളും പങ്കെടുത്തു. ക്യാമ്പിൽ നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ മികച്ച പ്രകടനം കാഴ്ച വെച്ചു.



## സർഗോത്സവം 2018

വിദ്യാരംഗം കലാ-സാഹിത്യ വേദി തൃശ്ശൂർ ഈസ്റ്റ് ഉപജില്ലാ സർഗോൽസവം 2018, ഒക്ടോബർ 5-ാം തിയ്യതി RGLP നെല്ലിക്കുന്ന് സ്കൂളിൽ വെച്ച് ശിൽപ്പശാല സംഘടിപ്പിച്ചു.രണ്ടു ദിവസം നീണ്ട് നിന്ന ശിൽപശാല മഴക്കെടുതി കാരണം ഒരു ദിവസത്തേയ്ക്ക് മാത്രമാക്കി ചുരുക്കി. ശിൽപ്പശാല ഉൽഘാടനം ചെയ്തത് ബഹുമാനപ്പെട്ട M LA ഡോ കെ രാജൻ അവർകളാണ്.

UP, HS വിഭാഗത്തിൽ നിന്ന് കഥ, കവിത, കാവ്യാലാപനം, നാടൻപാട്ട്, ചിത്രകല ,അഭിനയം എന്നി മേഖലകളിൽ നമ്മുടെ കുട്ടികൾ പങ്കെടുത്തു.ഓരോ ഇനത്തിൽപ്പെട്ട കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് ഓരോ കലയുടെയും പ്രാധാന്യത്തെക്കുറിച്ചും, ഉപയോഗിക്കേണ്ട വാദ്യങ്ങളെക്കുറിച്ചും കുട്ടികൾക്ക് ശിൽപ്പശാലയിൽ



ക്ലാസ്സെടുത്തു. ഒരു ദിവസം നീണ്ടു നിന്ന ശിൽപശാല കുട്ടികൾക്ക് വളരെയധികം ഉപകാരപ്പെട്ടു.നാടകത്തിൽ മികച്ച അഭിനയത്തിന് രഘുറാം.ആർ തിരഞ്ഞെടുക്കപ്പെട്ടു.

## സ്കൂൾ തല കലോൽസവം 2018-19

വർഷാരംഭത്തിൽ തന്നെ കലോൽസവ കൺവീനറായി ഹൈസ്കൂൾ വിഭാഗത്തിൽ ശ്രീമതി മിനി ചാക്കോ ടീച്ചറേയും യു.പി.വിഭാഗത്തിൽ ശ്രീമതി സ്റ്റെവിൻ ടീച്ചറേയും തിരഞ്ഞെടുത്തു. വിദ്യാർത്ഥികളെ White, Green, Blue, Yellow എന്നിങ്ങനെ 4 ഹൗസുകളാക്കി തിരിക്കുകയും ഓരോ വിഭാഗത്തിൽ നിന്നും General leaders നെ തിരഞ്ഞെടുക്കുകയും ചെയ്തു.

സ്കൂൾ തല കലോൽസവം 5 -10 -2018 ന് PTA പ്രസിഡൻറ് ശ്രീമതി കരോലിൻ ഉൽഘാടനം ചെയ്തു.




വിദ്യാർത്ഥികൾക്ക് മൽസരബുദ്ധി വളർത്തുന്ന തരത്തിലുള്ള ഒരു പരിശീലനം കൂടി ഇതിൽ നിന്നും ലഭിക്കുന്നു. HS,UP തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും ഷീൽഡും നൽകി അനുമോദിച്ചു. overall first - Yellow house ,Overall second - White house ,Overall third - Green and Orange.

ഉപജില്ലാ കലോത്സവത്തിന്റെ തയ്യാറെടുപ്പുകൾ അദ്ധ്യാപകരുടെ നേതൃത്തിൽ പഠന സമയങ്ങൾ പാഴാക്കാതെ തന്നെ വിദഗ്ധരുടെ നേതത്വത്തിൽ നൽകി.

## World Space Week

World space week ന്റെ ഭാഗമായി ISRO യുടെ നേതത്വത്തിൽ കാൽഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിൽ 2018 ഒക്ടോബർ 9-ാം തിയ്യതി Sri Varghese സാർ ക്ലാസെടുത്തു. HM ശ്രീമതി റെമി ചുങ്കത്ത് ടീച്ചർ ക്ലാസ്സ് ഉൽഘാടനം ചെയ്തു. എഴുപതോളം വിദ്യാർത്ഥികൾ ക്ലാസ്സിൽ പങ്കെടുത്തു.വീട്ടും സ്കൂളും ഒരായിരം തവണ കണ്ടു മറയുന്ന കുട്ടികളുടെ കുഞ്ഞു മനസ്സുകളിൽ ' space ' എന്ന പ്രപഞ്ചത്തിന്റെ രഹസ്യങ്ങൾ



രണ്ടു മണിക്കൂറിനുള്ളിൽ വളരെ രസകരമായി സാർ പറഞ്ഞു കൊടുത്തു. 10D യിൽ പഠിക്കുന്ന Reghuram നന്ദിയറിയിച്ചു.സ്കൂളിലേക്ക് world Space week എന്ന CD നൽകുകയും തിരുവനന്തപുരം ISRO യിലേക്ക് സന്ദർശനത്തിന് ക്ഷണിക്കുകയും ചെയ്തു.വിദ്യാർത്ഥികളുടെ സംശയങ്ങൾക്കെല്ലാം മറുപടി നൽകി അവരിൽ ആത്മവിശ്വാസം നിറച്ചാണ് വർഗ്ഗീസ് സാർ ക്ലാസ്സ് അവസാനിപ്പിച്ചത്.

## മലയാളത്തിളക്കം



മാതൃഭാഷ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്.സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ ഭാഷ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നമ്മുടെ അറിവും അനുഭവങ്ങളും സ്വാഭാവികമായ രീതിയിൽ ആവിഷ്കരിക്കാൻ മാതൃഭാഷ കൂടിയേ തീരൂ. അക്ഷരത്തെറ്റുകൂടാതെ എഴുതാനും വായിക്കാനും കഴിയുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് മലയാളത്തിളക്കം.എൽ.പി, യു.പി.തലത്തിൽ നടപ്പിലാക്കി വിജയം കൈവരിച്ച മലയാളത്തിളക്കം ഈ വർഷം ഹൈസ്കൂൾ തലത്തിലേയ്ക്കും വ്യാപിപ്പിക്കുകയാണ്. ഇതിനോടനുബന്ധമായി എല്ലാ വിദ്യാലയങ്ങളിലും പ്രീ - ടെസ്റ്റ് നടത്താൻ തീരുമാനിച്ചു.കാൽഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിൽ 10 -10 -2018 വ്യാഴാഴ്ച സ്കൂൾ തല പ്രീ ടെസ്റ്റ് നടത്തുകയും മൂല്യനിർണയം നടത്തുകയും ചെയ്തു. മലയാളത്തിളക്കത്തിന് ആവശ്യമായവരെ തിരഞ്ഞെടുക്കുകയും ചെയ്തു.



## IT - മേള

കാൻഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിൽ, സ്കൂൾ തല ഐ ടി മേള 12 -10 -2018, 15 -10 -2018 എന്നീ തിയ്യതികളിലായി ഹൈസ്കൂൾ ഐടി ലാബിൽ വെച്ച് നടത്തപ്പെട്ടു.Digital Painting, Multimedia Presentation, Web page designing, Malayalam Typing, IT Project, ITQuiz എന്നീ ഇനങ്ങളിലായി മൽസരങ്ങൾ നടത്തപ്പെട്ടു.ഓരോ വിഭാഗത്തിൽ നിന്നും ഓരോ കുട്ടികൾ വീതം സബ് ജില്ലാ തലത്തിലേയ്ക്ക് യോഗ്യത നേടി.

## Defence Programme



പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി ഫോഴ്സസ്-പ്രീ - റിക്രൂട്ട്മെന്റ് ട്രെയിനിംഗിന്റെ നേതൃത്വത്തിൽ 12 -10 -2018 ന് ഒരു ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.Army, Navy എന്നിവയെ കുറിച്ചും അത് നമുക്ക് എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെകുറിച്ചും അദ്ദേഹം വളരെ കൃത്യമായി ക്ലാസ്സെടുത്തു. അർപ്പണബോധത്തോടും ആത്മാർത്ഥതയോടും കൂടി ഇന്ത്യൻ പതാകയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഒരു തലമുറയാണ് രാജ്യത്തിന്റെ കരുത്ത് എന്നും അദ്ദേഹം പറഞ്ഞു.

## ഗണിത പുസ്തക പരിചയം

ഗണിതശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2018 ഒക്ടോബർ 12-ാം തിയ്യതി പരിചയപ്പെടുത്തിയ ഗണിത പുസ്തകം' 1729-ഗണിത ക്വിസ് ' എന്നതായിരുന്നു. 1729 എന്നത് രാമാനുജൻ സംഖ്യയെ ഓർമ്മപ്പെടുത്തുന്നു.Quiz രൂപത്തിൽ ഗണിത ചോദ്യോത്തരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അങ്കഗണിതം, ജ്യാമിതി, ബീജഗണിതം, ഗണിത ശാസ്ത്രജ്ഞൻമാർ, പൊതു വിഭാഗം എന്നിങ്ങനെ 5 പ്രധാന ഭാഗങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഇതിന്റെ വില 120 രൂപ .ഈ പുസ്തകം പരിചയപ്പെടുത്തിയത് VA യിൽ പഠിക്കുന്ന Sandra AS ആണ്.

## ലോക ഭക്ഷ്യ ദിനാചരണം



ലോക ഭക്ഷ്യ ദിനവുമായി ബന്ധപ്പെട്ട് കാർഡിയൻ സിറിയൻ HSS ൽ ഭക്ഷ്യമേളയും പ്രദർശനവും നടന്നു. 35 തരം സ്വാദിഷ്ഠമായ ഭക്ഷ്യ വിഭവങ്ങളാണ് സദ്യയിൽ ഉണ്ടായിരുന്നത്. സദ്യയ്ക്ക് ശേഷം വിഭവങ്ങളുടെ പ്രദർശനംHM റെമി ചുങ്കത്ത് ടീച്ചർ നിർവ്വഹിച്ചു.

## ഉപജില്ലാ വാർത്താ വായനമത്സരം



15/10/2018 ന് മോഡൽ ബോയ്സ് സ്കൂളിൽ വെച്ച് നടന്ന ഉപജില്ലാ വാർത്താ വായനമത്സരത്തിൽ രഘുറാം.ആർ മൂന്നാം സ്ഥാനം കരസ്ഥമാക്കി.





## സ്കൂൾ പാർലമെന്റ് ഇലക്ഷൻ

22/10/18 ന് രാവിലെ ക്ലാസ് തലത്തിൽ ഇലക്ഷൻ നടത്തി ക്ലാസ് ലീഡർമാരെ തെരഞ്ഞെടുത്തു. അതിനു ശേഷം സ്കൂൾ ലീഡറെയും ചെയർമാനെയും തെരഞ്ഞടുത്തു. തികച്ചും ജനാധിപത്യ രീതിയിലാണ് തെരഞ്ഞെടുത്തത്.

## കാൽഡിയന് ഇരട്ട കിരീടം

തൃശ്ശൂർ ഈസ്റ്റ് സബ് ജില്ല ഗെയിംസ് - അത് ലറ്റിക്സ് മീറ്റിൽ രണ്ടു വിഭാഗത്തിലും ഓവർ ഓൾ കിരീടം നേടി കൊണ്ടാണ് കാൽഡിയൻ സിറിയൻ HSS ചരിത്രം സൃഷ്ടിച്ചത്.തൃശ്ശൂർ ഈസ്റ്റ് ഉപജില്ലയിൽ ആദ്യമായിട്ടാണ് ഇങ്ങനെയൊരു നേട്ടം. ഗെയിംസിൽ 107 പോയിന്റും അത് ലറ്റിക്സിൽ 183 പോയിന്റും നേടിയാണ് CSHSS കിരീടം സ്വന്തമാക്കിയത്.തുടർച്ചയായി 4-ാം വർഷമാണ് സ്കൂളിന് ഗെയിംസിൽ കിരീടം ലഭിക്കുന്നത്.

## ജീവൻ രക്ഷാദൗത്യവുമായി കാൽഡിയൻ വിദ്യാർത്ഥികൾ


ലോക ഹൃദയ പുനർ ജീവന ദിനത്തോടനുബന്ധിച്ച് കാൽഡിയൻ സിറിയൻ HSS ൽ വെച്ച് 22 -10 -2018-ന് നടത്തിയ ശിൽപ്പശാലയിൽ നൂറിൽ പരം വിദ്യാർത്ഥികൾ പങ്കെടുത്തു.ഹൃദയസ്തംഭനം മൂലം കുഴഞ്ഞു വീഴുന്ന മനുഷ്യരെ രക്ഷിക്കുന്നതിനാവശ്യമായ പ്രഥമ ശുശ്രൂഷ (CPR) നൽകേണ്ടതെങ്ങനെയെന്ന് വിശദമായി കുട്ടികളെ പഠിപ്പിച്ചു കൊടുത്തു.Dr.paul Raphael ,Dr Arun, Dr. Sudhakaran തുടങ്ങിയവരാണ് ക്ലാസ്സിന് നേതൃത്വം നൽകിയത്.തൃശ്ശൂർ വെസ്റ്റ് റോട്ടറി ക്ലബ്ബിന്റെ ആഭിമുഖ്യത്തിലാണ് ഈ ശില്പശല സംഘടിപ്പിച്ചത്.PTA President Smt Carolin Joshwa, Vice President Sri Shahul Hameed, Principal Dr Aby Paul, Headmistress Smt Remy Chungath തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## Talent Search Examination



തൃശ്ശൂർ ഈസ്റ്റ് സബ്ബ് ജില്ല സയൻസ് എക്സിബിഷന്റെ ഭാഗമായി നടത്തിയ സയൻസ് ക്വിസ്, സി വി രാമൻ ഉപന്യാസ മൽസരം, ടാലൻറ്സർച്ച് എക്സാമിനേഷൻ എന്നിവയിൽ കാൽഡിയൻ സിറിയൻ HSS ലെ വിദ്യാർത്ഥികൾ പങ്കെടുത്തു. X A യിൽ പഠിക്കുന്ന Adithya NP എന്ന വിദ്യാർത്ഥിയ്ക്ക് ടാലൻറ്സർച്ച് എക്സാമിനേഷനിൽ ഒന്നാം സ്ഥാനം ലഭിച്ചു. റവന്യൂ ജില്ലാ മൽസരത്തിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത നേടി.





## ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്



കേരളകൗമുദിയും എക്സൈസ് വകുപ്പും സംയുക്തമായി സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറിൽ ഡോ.അബി പോൾ അദ്ധ്യക്ഷത വഹിച്ചു.യോഗത്തിൽ മുഖ്യാതിഥിയായ എ.കെ.നാരായണൻകുട്ടി (എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ, തൃശ്ശൂർ) കുട്ടികൾക്ക് ലഹരി ഉപയോഗിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുക്കളെക്കുറിച്ച് നല്ലൊരു ക്ലാസ്സ് നൽകി.ചടങ്ങ് ഉൽഘാടനം ചെയ്തത് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ടി.വി.അനുപമ ഐ.എ.എസ് ആണ്. കേരളകൗമുദി ബ്യൂറോ ചീഫ് പ്രഭുവാര്യർ ഈ ചടങ്ങിന് സ്വാഗതം അരുളി. ഹെഡ്മിസ്ട്രസ്സ് ശ്രീമതി. റെമി ചുങ്കത്ത്, പി.ടി.എ പ്രസിഡന്റ് കരോളിൻ ജോഷ്വാ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ടി.പി.ജോർജ്ജ്, പിടിഎ വൈസ് പ്രസിഡന്റ് ഷാഹുൽ ഹമീദ്, കേരളകൗമുദി യൂണിറ്റ് ചീഫ് എൻ.എസ്.കിരൺ എന്നിവർ ഈ യോഗത്തിൽ ആശംസ പറയുകയും ചെയ്തു.



## അക്കാദമിക മാസ്റ്റർ പ്ലാൻ ഉദ്ഘാടനം





തൃശ്ശൂർ കാൽഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിലെ അക്കാദമിക മാസ്റ്റർ പ്ലാൻ ഉദ്ഘാടനം 27-10-2018 ശനിയാഴ്ച PTA പ്രസിണ്ടൻറ് ശ്രീമതി കരോളിൻ ജോഷ്വാ, ഹെഡ്മിസ്ട്രസ്സ് ശ്രീമതി റെമി ചുങ്കത്ത് ടീച്ചർക്ക് നൽകി കൊണ്ട് നിർവ്വഹിച്ചു. ബഹുമാനപ്പെട്ട കോർപ്പറേറ്റ് മാനേജർ ഫാ ഡേവിഡ് കെ ജോൺ, പ്രിൻസിപ്പാൾ ഡോ അബി പോൾ, PTA എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ





സന്നിഹിതരായിരുന്നു.

**കാൽഡിയന്റെ സുവർണ നിമിഷങ്ങൾ**





തൃശ്ശൂർ കാൽഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിൽ ഗെയിംസ്, അത് ലറ്റിക്സ് - സബ് ജില്ല, റവന്യൂ, സോണൽ, സ്റ്റേറ്റ്, അസോസിയേറ്റ് മൽസരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ച കുട്ടികളെ മെഡലുകളും മെമ്മോന്റോകളും നൽകി ആദരിച്ചു. പ്രിൻസിപ്പാൾ ഡോ അബി പോൾ ചടങ്ങുകൾക്ക് സ്വാഗതം പറഞ്ഞു. പി ടി എ പ്രസിണ്ടന്റ് ശ്രീമതി കരോളിൻ ജോഷ്വാ, കോർപ്പറേറ്റ് മാനേജർ ഫാ ഡേവിഡ് കെ ജോൺ എന്നിവർ ആശംസകൾ അർപ്പിച്ചു. അത് ലറ്റിക്സ് കോച്ച് ആന്റോ സാർ നന്ദി പ്രകാശിപ്പിച്ചു.



**Red Cross**

ഹെൻറി ഡ്യൂനാന്റ് അനുസ്മരണാർത്ഥം റെഡ് ക്രോസ്സിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ഈസ്റ്റ് സബ് ഡിസ്ട്രിക്ട് തലത്തിൽ നടത്തിയ Quiz മൽസരത്തിൽ കാൽഡിയൻ സിറിയൻ HSS ലെ ജഗന്നാഥൻ MR മൂന്നാം സ്ഥാനവും ആദിത്യ NP നാലാം സ്ഥാനവും നേടി.

NOVEMBER – 2018

## കേരള പിറവി





നവംമ്പർ 1, കേരള പിറവി.62 വർഷമായി നാം ആഘോഷിക്കുന്ന ഈ പിറന്നാളിന് ഇത്തവണ പല മാറ്റങ്ങളുമുണ്ടായിട്ടുണ്ട്. പ്രളയം എന്ന ദുരന്തം നമ്മുടെ കേരളത്തെ വേരോടെ പിഴുതെറിയാൻ ശ്രമിക്കുകയുണ്ടായി. ഒട്ടേറെ നാശം വിതച്ച ഈ പ്രളയത്തെ അതിജീവിച്ചുകൊണ്ടുള്ള ഒരു കേരള പിറവിയാണ് നാം ആഘോഷിച്ചത്. ഇതിനോടനുബന്ധിച്ച് അസംബ്ലിയിൽ ഹെഡ്മിസ്ട്രസ്സ് ശ്രീമതി റെമി ചുങ്കത്ത് ടീച്ചർ ' നവകേരളം' എന്ന പുതിയ ഒരു പദ്ധതിയുടെ ഭാഗമായി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കേരളപിറവിയുമായി ബന്ധപ്പെട്ട് 9 A യിൽ പഠിക്കുന്ന അഖില സജീവ് ഒരു വിവരണം പറയുകയും 9C യിൽ പഠിക്കുന്ന അഭിഷേക് ഒരു കവിത ആലപിക്കുകയും ചെയ്തു.' നവകേരളം' എന്ന പദ്ധതിയുടെ ഭാഗമായി കേരളപിറവി ദിനത്തിൽ എല്ലാ കുട്ടികളേയും ഉൾപ്പെടുത്തി 'നവകേരളം എന്റെ ഭാവനയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ചിത്രങ്ങളോ കവിതയോ ഉപന്യാസമോ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു.

## Maths club

നവംമ്പർ 1 ന് നടന്ന ഉപജില്ലാ സ്കൂൾ ശാസ്ത്രോൽസവത്തിൽ നമ്മുടെ വിദ്യാലയത്തിൽ നിന്ന് പതിമൂന്നോളം ഹൈസ്കൂൾ വിദ്യാർത്ഥികൾ ഗണിത മേളയിൽ പങ്കെടുക്കുകയും മൂന്ന് ഇനങ്ങൾക്ക് ജില്ലാതല മൽസരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുകയുണ്ടായി.

ഗണിതമേള വിജയികൾ :--Geometrical Chart – Akshay TP – XD – II A grade,





Working Model – Akhil Jose-XD – II A grade,

Applied construction – Adharsh Denny – X A – II A grade,

Puzzle-Ben Ros chittilappilly – X A- III A grade,

Single project- Sreehari V B – X A- III A grade,

Group project – Ashwathy K Ramakrishna – XA ,Esha Mariya – IX A- III A grade.

തൃശ്ശൂർ റവന്യൂ ജില്ല ഗണിത മേള

16-11-2018 ന് ഇരിഞ്ഞാലക്കുടയിൽ വെച്ച നടന്ന റവന്യൂ ജില്ല ഗണിത മേളയിൽ കാൽഡിയൻ സിറിയൻ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്ന് മൂന്ന് വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. Applied Construction വിഭാഗത്തിൽ Adharsh Denny – X A Second with A grade നേടുകയും സംസ്ഥാന തല ഗണിത മേളയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുകയും ചെയ്തു.Geometrical chart വിഭാഗത്തിൽ Akshay T P Third with A grade ഉം, Working model വിഭാഗത്തിൽ Akhil Jose- A grade ഉം നേടുകയുണ്ടായി.

കേരള സംസ്ഥാന സ്കൂൾ ഗണിതശാസ്ത്രോൽസവം



24-11-18 ന് കണ്ണൂരിൽ വെച്ച നടന്ന കേരള സ്കൂൾ ശാസ്ത്രോൽസവത്തിൽ CSHSS ലെ Adarsh Denny – X A (Applied Construction) A grade നേടി.


Social science club



St Joseph C G H S ൽ വെച്ച് നവംബർ 2 ന് നടന്ന ഉപജില്ല സാമൂഹ്യ ശാസ്ത്രമേളയിൽ

അറ്റ്ലസ് നിർമ്മാണം first with Agrade ,പ്രാദേശിക ചരിത്രംSecond with A grade,ക്വിസ് fourth place, പ്രസംഗം fifth place, സ്റ്റിൽ മോഡൽ first with A grade, വർക്കിംഗ് മോഡൽ third with B grade എന്നിവ കരസ്ഥമാക്കി Overall Second ലഭിച്ചു. മികച്ച വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകളും ലഭിച്ചു

## District Social science exhibition



ഇരിഞ്ഞാലക്കുടയിൽ നവംബർ 20 ന് നടന്ന സോഷ്യൽ സയൻസ് ജില്ലാ ശാസ്ത്രോത്സവത്തിൽ അറ്റ്ലസ് നിർമ്മാണത്തിന്Amith V Murali first with A grade ഉംStill model ന് Jaganadan and Anupam first with A grade ഉം കരസ്ഥമാക്കി സംസ്ഥാന തലത്തിലേക്ക് യോഗ്യത നേടി..

## State Social science exhibition

നവംബർ 24, 25 തിയ്യതികളിൽ കണ്ണൂരിൽ വെച്ച് നടന്ന സംസ്ഥാന ശാസ്ത്രോത്സ വത്തിൽ അറ്റ്ലസ് നിർമ്മാണത്തിന് Amith V Murali first with A grade ഉം സ്റ്റിൽ മോഡലിന്Jaganadan and Anupam A grade ഉം നേടി തൃശ്ശൂർ ജില്ലയ്ക്ക് രണ്ടാംസ്ഥാനം എന്ന പദവിയിലേയ്ക്ക് എത്തിക്കാൻ സാധിച്ചു.

## IT Club

ഉപജില്ല ഐടി മേളയിൽ CSHSS ൽ നിന്ന് 5 കുട്ടികൾ പങ്കെടുത്തു. Malayalam Typing, Web Page Designng, Multimedia Presentation, IT Quiz, IT Project എന്നിങ്ങനെ വിവിധ മൽസര ഇനങ്ങളിലായാണ് പങ്കെടുത്തത്. Malayalam Typing - ൽ YadhuKrishna K V Ist with A Grade നേടി ജില്ലാതല മൽസരത്തിൽ പങ്കെടുക്കാൻ അർഹത നേടി.

## Science club

ഉപജില്ലാ സയൻസ് എക്സിബിഷനിൽ നാല് മൽസരയിനങ്ങളിലാണ് കാൽഡിയൻ സിറിയൻ HS പങ്കെടുത്തത്.സ്റ്റിൽ മോഡൽ, വർക്കിങ് മോഡൽ, സിംപിൾ എക്സ് പെരിമെന്റ്, പ്രോജക്ട് എന്നിവയായിരുന്നു അവ. ഇതിൽ സ്റ്റിൽ മോഡലിന് ഉപജില്ലാ തലത്തിൽ 3rd B grade ലഭിച്ചു. പ്രോജക്ടിന് 4-ാം സ്ഥാനവും C grade ഉം ലഭിച്ചു. വർക്കിങ് മോഡൽ, സിംപിൾ എക്സ് പെരിമെൻറ് എന്നിവയ്ക്ക് C grade ആണ് ലഭിച്ചത്. ടാലന്റ് സെർച്ച് എക്സാമിനേഷനിൽ ആദിത്യ കെ പി യ്ക്ക് Ist A grade ലഭിച്ചു.ജില്ലാ തലത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.



## ഗണിത ശാസ്ത്ര പുസ്തക പരിചയം.

9-11-2018


ഗണിത ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഈ ആഴ്ച പരിചയപ്പെടുത്തിയ പുസ്തകമാണ് ' കണക്ക് വരയും കുറിയും'.ഇതിൽ ഗണിതത്തെ ലാളിത്യവൽക്കരിച്ചും ചോദ്യോത്തര ശൈലിയിലും അവതരിപ്പിച്ചിരിക്കുന്നു. ശാസ്ത്രകാരനും ചെറുകഥാകൃത്തും ടി.വി. അവതാരകനും സംവിധായകനുമായ ശ്രീ ടി.കെ കൊച്ചു നാരായണൻ ആണ് ഈ പുസ്തകത്തിന്റെ രചയിതാവ്. ഈ പുസ്തകം നമുക്ക് പരിചയപ്പെടുത്തിയത് VIIE യിലെ Althaf Ahammed K N ആണ്.



16-11-2018

16-ാം തിയ്യതി വെള്ളിയാഴ്ച VC യിലെ അമൽ സജി ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'കണക്ക് വരയും കുറിയും' എന്ന ഗണിത പുസ്തകം പരിചയപ്പെടുത്തി.ഇതിന്റെ ഗ്രന്ഥകർത്താവാണ് ടി.കെ. കൊച്ചുനാരായണൻ. ഗണിത ഭയം അകറ്റുകയാണ് ഈ കൃതിയുടെ മുഖ്യ ലക്ഷ്യം.മനുഷ്യ കമ്പ്യൂട്ടർ എന്നറിയപ്പെടുന്ന





ശകുന്തള ദേവി മുതൽ ഗണിത ശാസ്ത്രവുമായി നേരിട്ട് ബന്ധപ്പെടാത്ത വൈക്കം മുഹമ്മദ് ബഷീറും കുഞ്ഞുണ്ണി മാഷുമെല്ലാം ഇതിലെ താളുകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് അധിക വായനയ്ക്കും പ്രോജക്ടിനും ഈ ഗണിത പുസ്തകം സഹായകരമാണ്.

30-11-2018

അസംബ്ലിയിൽ ആദിത്യൻ ടി.ആർ -VIIC ,' Brain Building Puzzles and Teaser s ' എന്ന പുസ്തകം പരിചയപ്പെടുത്തി. ബ്രയൻ ഡേവിസ് ആണ് പുസ്തകം എഴുതിയത്. കുട്ടികളുടെ ബുദ്ധിവികാസത്തിനാവശ്യമായ ഒരു പാട് കളികളും പ്രശ്നങ്ങളും സൂത്രവിദ്യകളും ഈ പുസ്തകം കാഴ്ചവെക്കുന്നു.Manu Graphics ആണ് പുസ്തകം പബ്ലിഷ് ചെയ്തത്.



മലയാളത്തിളക്കം

Day - 1 - 15-11-2018



യു. പി. മലയാളത്തിളക്കം ആദ്യ ബാച്ച് 15-ാം തിയ്യതി ഉദ്ഘാടനത്തോടെ ആരംഭിച്ചു.ഉദ്ഘാടന ചടങ്ങിൽ സ്റ്റാഫ് സെക്രട്ടറി ശ്രീമതി ബിന്ദു ടീച്ചർ സ്വാഗതം പറഞ്ഞു. PTA പ്രസിഡണ്ട് ശ്രീമതി കരോളിൻ അവരുടെ അനുഭവങ്ങൾ പറഞ്ഞു കൊണ്ട് അദ്ധ്യക്ഷ പ്രസംഗം നടത്തി. ഹെഡ്മിസ്ട്രസ്സ് ശ്രീമതി റെമി ടീച്ചർ മാതൃഭാഷയുടെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞ് കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. യു പി വിഭാഗത്തിലെ സീനിയർ ടീച്ചർ നന്ദി പറഞ്ഞു കൊണ്ട് ഉദ്ഘാടന ചടങ്ങ് അവസാനിച്ചു.



മലയാളത്തിളക്കത്തിന്റെ ആദ്യ ദിന പ്രവർത്തനങ്ങൾ രാവിലെ 10.15 ന് ആരംഭിച്ചു. കുട്ടികൾക്ക് പുസ്തകങ്ങളും പേനയും വിതരണം ചെയ്തു.6 പ്രവർത്തനങ്ങളിലും കുട്ടികൾ വളരെ രസകരമായാണ് പങ്കു കൊണ്ടത്. പാട്ടു പാടിയും ചിത്രങ്ങൾ വരച്ചും വാക്കുകൾ ഉച്ചാരണത്തോടെ പറഞ്ഞും എഴുതിയും,



നൃത്തച്ചുവടുകൾ വച്ചും ആദ്യ ദിനം കുട്ടികൾ രസകരമാക്കി. ICT സാദ്ധ്യതകളും ഉപയോഗിച്ചു. കുട്ടികൾ വളരെ ശ്രദ്ധാപൂർവ്വമാണ് സന്ദർഭങ്ങളെ വീക്ഷിച്ചിരുന്നത്.. വൈകിട്ട് 3.30 ഓടു കൂടി ആദ്യദിനം അവസാനിച്ചു.

Day - 2 - 16-11-2018

മലയാളത്തിളക്കത്തിന്റെ രണ്ടാം ദിവസവും പ്രാർത്ഥനയോടെ ആരംഭിച്ചു. അധ്യാപകർ കുട്ടികളെ പരിചയപ്പെടുത്തുകയും സ്വയം പരിചയപ്പെടുകയും ചെയ്തു. മീൽസ് റെഡി എന്ന പ്രവർത്തനത്തിനായി വീഡിയോ പ്രദർശിപ്പിക്കുകയും അതിലെ ചില ഭാഗങ്ങൾ നിർത്തി, കണ്ട ആശയവുമായി ചോദ്യങ്ങൾ ചോദിച്ച് കുറെ വാക്കുകളും വാക്യങ്ങളും എഴുതിച്ചു. ഇതിൽ വിഷമമുള്ള പദങ്ങൾ ബോർഡിൽ പ്രദർശിപ്പിച്ച് ചാർട്ടിൽ എഴുതി കാണിച്ച് നോട്ടുബുക്കിൽ ശരിയായി എഴുതിച്ചു.തുടർന്നു വരുന്ന പ്രവർത്തനം ഒരു കവിതയായിരുന്നു. ഇത് വ്യക്തിഗതമായും ഗ്രൂപ്പടിസ്ഥാനത്തിലും ചൊല്ലിക്കുകയും ചെയ്തു. ' മീർ ക്യാറ്റ്' എന്ന പ്രവർത്തനത്തിലൂടെ കൂട്ടക്ഷരങ്ങളും ചില്ലക്ഷരങ്ങളും ഉൾക്കൊള്ളിച്ചുള്ള പദങ്ങളെ കണ്ടെത്തി കുട്ടികൾ നോട്ടുബുക്കിൽ എഴുതുകയും തെറ്റുകൾ തിരുത്തി എഴുതുകയും ചെയ്തു. കുട്ടികൾക്ക് കഥാരചനയ്ക്കുള്ള സമയവും നൽകി ഒരു പതിപ്പ് തയ്യാറാക്കി.തുടർ പ്രവർത്തനവും നൽകി രണ്ടാം ദിവസം അവസാനിച്ചു.

Day – 3 – 19-11-2018

പ്രാർത്ഥനയോടെ ക്ലാസ്സുകൾ ആരംഭിച്ചു.റീന ടീച്ചറും നിനു ടീച്ചറുമാണ് ക്ലാസ്സുകൾ എടുത്തത്.കഴിഞ്ഞ ക്ലാസ്സിലെ തുടർ പ്രവർത്തനങ്ങൾ കുട്ടികൾ ചെയ്ത് കൊണ്ട് വന്നിരുന്നു. കുട്ടികൾ ക്ലാസ്സിൽ വളരെ താൽപര്യത്തോടെയാണ് ഇരുന്നിരുന്നത്. കുട്ടികളിൽ പലരും തെറ്റുകൾ സ്വയം കണ്ടെത്തി തിരുത്താൻ ശ്രമിച്ചിരുന്നു. 'ഭൂതം ചമ്മിയ കഥ' എന്ന പ്രവർത്തനം റീന ടീച്ചറും കുട്ടികളും ക്ലാസ്സിൽ അഭിനയിച്ച് കാണിച്ചു. ഉച്ചകഴിഞ്ഞ് യു ആർ സി യിൽ നിന്ന് ക്രിസ്റ്റി ടീച്ചർ ക്ലാസ്സ് കാണുവാനും വിലയിരുത്തുവാനും വന്നിരുന്നു. കുട്ടികളുമായി കൂടുതൽ സംസാരിക്കുവാനും ടീച്ചർമാർക്ക് വേണ്ടത്ര നിർദ്ദേശങ്ങൾ നൽകാനും ക്രിസ്റ്റി ടീച്ചർ ശ്രമിച്ചു. 2.30 ന് ക്ലാസ്സ് PTA ആരംഭിച്ചു. മലയാളത്തിളക്കം ക്ലാസ്സിൽ പങ്കെടുക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ വന്നിരുന്നു. ' കോഴിയും കോലൻ പാമ്പും' എന്ന പ്രവർത്തനം നിനു ടീച്ചർ എടുത്തു. രക്ഷിതാക്കൾ കുട്ടികളുടെ നോട്ട് പുസ്തകങ്ങൾ നോക്കുകയും ചെയ്തു. മലയാളം, കുട്ടികളിൽ എങ്ങനെ എളുപ്പമാക്കാം, അക്ഷരതെറ്റുകൾ എങ്ങനെ കുറയ്ക്കാം എന്നിവയെക്കുറിച്ച് പറയുകയും, മലയാളത്തിളക്കം എന്ന ക്ലാസ്സുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്നും അധ്യാപിക രക്ഷിതാക്കളോട് വിശദീകരിച്ചു.. രക്ഷിതാക്കൾ തങ്ങളുടെ അഭിപ്രായവും പറഞ്ഞു. ഇഷ്ടമുള്ള കുട്ടിപ്പാട്ടുകൾ ശേഖരിച്ച് വരിക എന്ന തുടർപ്രവർത്തനം നൽകി ക്ലാസ്സ് അവസാനിപ്പിച്ചു.

Day – 4 – 21-11-2018

പ്രാർത്ഥനയോട് കൂടി ക്ലാസ്സുകൾ തുടങ്ങി.അന്നേ ദിവസം അദ്ധ്യാപകർ സ്വയം പരിചയപ്പെടുത്തി, ക്ലാസ്സുകൾ ആരംഭിച്ചു. തലേ ദിവസത്തെ ഗൃഹ പാഠ തുടർ പ്രവർത്തനം നടത്തി. വീഡിയോ പ്രദർശനമായിരുന്നു ആദ്യ പ്രവർത്തനം.കുസൃതി മുയലും ആമയും കുട്ടികൾക്ക് ഇഷ്ടപ്പെട്ടു. ഒത്തു പാടിക്കൊണ്ട് അടുത്ത പ്രവർത്തനങ്ങൾ തുടർന്നു. മുറ്റത്തൊരു മരമുണ്ടേ ,നിങ്ങളെന്റെ അമ്മയാണോ? എന്നീ പ്രവർത്തനങ്ങളും, ഓരോ പ്രവർത്തനത്തിന്, കുട്ടികളെ എഴുത്ത് പരീക്ഷ നടത്തി

,തെറ്റ് വിലയിരുത്തി, പ്രോൽസാഹിപ്പിച്ച് ക്ലാസ്സുകൾ നടത്തി.'മുയലിന്റെ ആലോചനകൾ ' എന്ന തുടർ പ്രവർത്തനം ചിത്രീകരിക്കാനും കുട്ടികളോട് ആവശ്യപ്പെട്ട് നാലാം ദിവസത്തെ മലയാളത്തിളക്കം സമാപിച്ചു.

Day - 5 - 22-11-2018

രാവിലെ 9.30 ന് എല്ലാ കുട്ടികളും ക്ലാസ്സിൽ എത്തിച്ചേർന്നു.തലേ ദിവസം നൽകിയ മുയൽച്ചിത്രം എന്ന തുടർപ്രവർത്തനം ചെയ്യിച്ചത് ഓരോ കുട്ടികളുടെയും വിലയിരുത്തി.ശേഷം കാസ്സ് ആരംഭിച്ചു.' മുറ്റത്തൊരു മഞ്ഞ മുള' എന്ന പദ്യഭാഗമായിരുന്നു ആദ്യം .അധ്യാപിക ഘട്ടം ഘട്ടമായി ഓരോ വാക്കും വാചകവും അവതരിപ്പിച്ച് കുട്ടികളെക്കൊണ്ട് എഴുതിച്ച് അവരെക്കൊണ്ടു തന്നെ തെറ്റുകൾ കണ്ടെത്തി തിരുത്തി എഴുതിച്ചു. പിന്നീട് വിലയിരുത്തി.' പൂമ്പാറ്റച്ചിറകിൽ ' എന്ന വീഡിയോ ആയിരുന്നു അടുത്തത്. മുട്ട വിരിഞ്ഞ് ശലഭമെത്തുന്നതു വരെയുള്ള ഘട്ടങ്ങൾ വീഡിയോ കാണിച്ചു.വീഡിയോ സംബന്ധിച്ച ചോദ്യങ്ങൾ ചോദിക്കുകയും കുട്ടികൾ ഉത്തരം എഴുതുകയും അധ്യാപിക മുൻ പറഞ്ഞതുപോലെ വിലയിരുത്തൽ നടത്തുകയും ചെയ്തു.ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു. ഉച്ചയ്ക്ക് 12.45 ന് ക്ലാസ്സ് വീണ്ടും ആരംഭിച്ചു.' തത്ത കണ്ട കാഴ്ചകൾ ' എന്ന കഥാ രൂപീകരണ പ്രവർത്തനം ആയിരുന്നു.അതിനു ശേഷം തത്ത കണ്ട കാഴ്ചകൾ എന്ന ഗാനം ഒന്നിച്ച് ആലപിച്ചു.അതിനു ശേഷം കുട്ടികളെ കൊണ്ട് താമരക്കുളം എന്ന ആശയത്തിന് സൂചനകൾ നൽകി ചിത്രം വരപ്പിച്ചു. ചിത്രങ്ങൾ ചേർത്ത് പതിപ്പ് നിർമ്മിച്ച് പ്രദർശിപ്പിച്ചു. അവസാനം തുടർ പ്രവർത്തനം നൽകി.ശലഭ ആൽബം നിർമ്മിക്കാനായിരുന്നു പ്രവർത്തനം. 3.30 ന് ക്ലാസ്സ് അവസാനിപ്പിച്ചു.ക്ലാസ്സ് കുട്ടികൾ നന്നായി ആസ്വദിക്കുകയും സജീവമായി പങ്കെടുക്കുകയും ചെയ്തു.

Day - 6 - 23-11-2018

മലയാളത്തിളക്കത്തിന്റെ ആറാം ദിവസവും പ്രാർത്ഥനയോടെ ആരംഭിച്ചു. അധ്യാപകർ കുട്ടികളെ പരിചയപ്പെടുത്തുകയും സ്വയം പരിചയപ്പെടുകയും

ചെയ്തു.കഴിഞ്ഞ ക്ലാസ്സിലെ തുടർ പ്രവർത്തനം വിലയിരുത്തി.' പഴക്കട്ട്'എന്ന പ്രവർത്തനത്തിന്റെ ഭാഗമായി വീഡിയോ പ്രദർശിപ്പിക്കുകയും അതിലെ ചില ഭാഗങ്ങൾ നിർത്തി ചോദ്യങ്ങൾ ചോദിച്ച് അതിലെ കുറെ വാക്കുകളും വാക്യങ്ങളും എഴുതിച്ചു. ഇതിൽ വിഷമമുള്ള പദങ്ങൾ ചാർട്ടിൽ എഴുതി കാണിച്ച് നോട്ടുബുക്കിൽ ശരിയായി എഴുതിച്ചു .തുടർന്ന് എലിമല, കുട്ടന്റെ കടയിൽ എന്നീ പ്രവർത്തനങ്ങളും ചെയ്യിച്ചു.ഓരോ പ്രവർത്തനത്തിനും കുട്ടികൾക്ക് എഴുത്ത് പരീക്ഷ നടത്തി, തെറ്റ് വിലയിരുത്തി പ്രോൽസാഹിപ്പിച്ച് ക്ലാസ്സുകൾ നടത്തി.തുടർ പ്രവർത്തനം നൽകി ക്ലാസ്സ് അവസാനിപ്പിച്ചു.

Day - 7 - 24-11-2018

മലയാളത്തിളക്കത്തിന്റെ ഏഴാം ദിവസം രാവിലെ 9.30 നു തന്നെ ക്ലാസ്സ് ആരംഭിച്ചു.ശനിയാഴ്ച ആയതിനാൽ ഹാജർ നിലവാരം കുറവായിരുന്നു. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ വിശദമായ പരിചയപ്പെടലിനു ശേഷം 'മഷിപ്പൂച്ച' എന്ന ആദ്യ പ്രവർത്തനത്തിലേയ്ക്ക് കടന്നു. അധ്യാപികയുടെ കഥാപാരായണത്തിലൂടെ ആ പാഠഭാഗത്തെ പ്രധാന കാര്യങ്ങൾ ഗ്രഹിക്കുവാനും അവ പുസ്തകത്തിൽ എഴുതാനും വിദ്യാർത്ഥികൾക്ക് സാധിച്ചു. അവസാന ദിനങ്ങളിലേയ്ക്ക് കടക്കുമ്പോൾ തെറ്റുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണാൻ സാധിച്ചു. രണ്ടാമത്തെയും മൂന്നാമത്തെയും പ്രവർത്തനം ചിത്രീകരണം ആയിരുന്നു. കഥ എഴുതി പ്രദർശിപ്പിച്ചതിൽ നിന്നും അവർ അതൊരു നല്ല ചിത്രമാക്കി മാറ്റി. കുടയും മഴയുമെല്ലാം അവർക്ക് പരിചിതമായതിനാൽ ഏറെ ബുദ്ധിമുട്ടില്ലാതെ അവ മനോഹരമായ ചിത്രങ്ങളാക്കാൻ അവർക്ക് സാധിച്ചു.മൂന്നാമത്തെ പ്രവർത്തനം JCB എന്ന വിഷയമായതിനാൽ കുട്ടികൾക്ക് നല്ല ഉൽസാഹമായിരുന്നു. അവർക്കത് വളരെ ഭംഗിയായി വരയ്ക്കാൻ സാധിച്ചു. അവസാനത്തെ പ്രവർത്തനം കവിത, കഥാരൂപത്തിലേയ്ക്ക് മാറ്റുക എന്നതായിരുന്നു.കഥാരൂപത്തിലേക്കെത്തിക്കാൻ അധ്യാപികയ്ക്ക് ധാരാളം ചോദ്യങ്ങൾ നൽകേണ്ടി വന്നു. ഇത്തരത്തിൽ ഈ ശേഷി കൈവരിക്കാൻ എല്ലാ കുട്ടികൾക്കും സാധിച്ചു.3.30 ന് തന്നെ ക്ലാസ്സ് അവസാനിപ്പിക്കുകയും ചെയ്തു.





Day - 8 - 26-11-2018

മലയാളത്തിളക്കത്തിന്റെ എട്ടാം ദിവസത്തെ ക്ലാസ്സ് രാവിലെ 9.30 ന് തന്നെ ആരംഭിച്ചു. വിശദമായ പരിചയപ്പെടലിനു ശേഷം തുടർ പ്രവർത്തനം വിലയിരുത്തുകയും ചെയ്തു. ഒന്നാമത്തെ പ്രവർത്തനം അയ്യോ നെയ്യപ്പവും രണ്ടാമത്തെ പ്രവർത്തനം കുരങ്ങന്റെ മോഹങ്ങളും ആയിരുന്നു. ഈ പ്രവർത്തനത്തിനനുസൃതമായി ധാരാളം ചോദ്യങ്ങൾ ചോദിക്കുകയും കുട്ടികൾ ഉത്തരങ്ങൾ അവരുടെ പുസ്തകത്തിൽ എഴുതുകയും ചെയ്തു. ടീച്ചർ തെറ്റ് തിരുത്തുകയും വിലയിരുത്തുകയും ചെയ്തു.ഉച്ചയ്ക്ക് ശേഷം ക്ലാസ്സ് PTA ആയിരുന്നു. ഹെഡ്മിസ്ട്രസ് റെമി ടീച്ചറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം 2.00 മണിയ്ക്ക് പ്രാർത്ഥനയോടെ ആരംഭിച്ചു. സ്റ്റാഫ് സെക്രട്ടറി സ്വാഗതം പറഞ്ഞു. മാതാപിതാക്കൾക്ക് കുട്ടികളുടെ പ്രവർത്തനങ്ങൾ കാണിച്ചു കൊടുത്തു. കുട്ടികളെക്കൊണ്ട് കഥകൾ വായിപ്പിക്കുകയും കുട്ടികൾ അവരുടെ മലയാളത്തിളക്കത്തിന്റെ ക്ലാസ്സിനെ കുറിച്ച് അഭിപ്രായം പറയുകയും ചെയ്തു. മാതാപിതാക്കളും അവരുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു.3.30 pm ന് യോഗം, ജ്യോതി ലക്ഷ്മി ടീച്ചർ നന്ദി പറഞ്ഞു കൊണ്ട് അവസാനിച്ചു.

## Blue Army



Blue Army യുടെ പ്രവർത്തനത്തിന്റെ ഭാഗമായി 24-11-2018 ന് English Club ന്റെ ആഭിമുഖ്യത്തിൽ ഒരു poem അസംബ്ലിയിൽ അവതരിപ്പിച്ചു. Poem ത്തിലൂടെ ജലത്തിന്റെ സംരക്ഷണത്തെ കുറിച്ചും, ശരിയായ ഉപയോഗത്തിന്റെ ആവശ്യകതയെ കുറിച്ചും ബോധവൽക്കരണം നടത്തി.8 ലേയും 9 ലേയും Blue Army അംഗങ്ങളുടെ മീറ്റിംഗ് നടത്തി.



Twinkle Fest

STD - VII

ഈ വർഷത്തെ Twinkle fest 26-11-18 തിങ്കളാഴ്ച 7 A യിൽ വെച്ച് പ്രാർത്ഥനയോടെ ആരംഭിച്ചു.class leader ആയ Sreehari സ്വാഗതം ആശംസിക്കുകയും സീനിയർ അദ്ധ്യാപിക ജ്യോതി ലക്ഷ്മി ടീച്ചർ അധ്യക്ഷത വഹിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് നടത്തിയ കവിതാ രചന, റീഡേഴ്സ് തിയ്യറ്റർ, ന്യൂസ് റീഡിംഗ്, പ്രസംഗം എന്നീ മൽസരങ്ങളിൽ നിന്നും പ്രതിഭകളായവരുടെ കലാപരിപാടികൾ അവതരിപ്പിച്ചു.എല്ലാ ഡിവിഷനിൽ നിന്നും കുട്ടികളെ പങ്കെടുപ്പിക്കാൻ സാധിച്ചു.കവിതാ രചനയിൽ സെറിൻജെയിംസും, റീഡിംങ് മൽസരത്തിൽ ജോസ്ന ഷാജുവും, പ്രസംഗത്തിൽ ആൽഫിയയും ജേതാക്കളായി. റീഡേഴ്സ് തിയ്യറ്ററിനു വേണ്ടി 'snake in the Garden ' എന്ന പാഠഭാഗത്തെ ആസ്പദമാക്കിയായിരുന്നു മൽസരം നടത്തിയത്. കുട്ടികളുടെ സർഗാത്മക കഴിവുകളെ അവതരിപ്പിക്കാൻ കഴിയുന്ന നല്ലൊരു വേദിയാണ് ഇത് എന്ന നന്ദുവിന്റെ നന്ദി പ്രസംഗത്തോടെ ഈ പരിപാടി അവസാനിച്ചു.

STD - VI

27-11- 18 ന് Hello English ന്റെ ഭാഗമായി സ്കൂൾ തലത്തിൽ Twinkle fest നടത്തി.പ്രസംഗം, വാർത്താ വായന, കവിതാ രചന, റീഡേഴ്സ് തിയ്യറ്റർ എന്നീ മൽസരങ്ങൾ നടത്തി. കുട്ടികൾ നല്ല രീതിയിൽ പരിപാടികൾ അവതരിപ്പിക്കുകയും മെച്ചപ്പെട്ട കുട്ടികളെ കണ്ടെത്തുകയും ചെയ്തു.മികച്ച നിലവാരം പുലർത്തിയവരെ സി. ആർ.സി. തിരഞ്ഞെടുക്കുകയും ചെയ്തു.

STD - V

English Fest ന്റെ ഭാഗമായി 26-11-18 ന് 5-ാം ക്ലാസ്സിലെ

വിദ്യാർത്ഥികൾക്ക് ക്ലാസ്സ് തലത്തിൽ Speech, News Reading, Readers Theatre എന്നീ മൽസരങ്ങൾ നടത്തി.സജീവമായി തന്നെ എല്ലാ വിദ്യാർത്ഥികളുടെയും സഹകരണം ഉണ്ടായി. കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ വികസിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങളായിരുന്നു ഓരോന്നും. ഹരിഹരന്റെ പ്രകടനം മികച്ചതായിരുന്നു.

## മാധ്യമം ദിനപത്രം



എല്ലാ സ്കൂളുകളിലും നടത്തുന്ന ദിനപത്രവിതരണത്തിന്റെ ഭാഗമായി ' മാധ്യമം' ദിനപത്രം ഞങ്ങളുടെ സ്കൂളിലും വിതരണം ആരംഭിച്ചു.CSHSS, Principal Dr Aby Paul അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ച സമ്മേളനത്തിൽ മാധ്യമം ദിനപത്രം District Co-ordinator അഷ്റഫ് അലി ഉൽഘാടനം ചെയ്ത് ചടങ്ങുകൾ ആരംഭിച്ചു.CSHS,Head Mistress Smt Remy chungath ഏവർക്കും സ്വാഗതം ആശംസിച്ചു.മാധ്യമ ദിനപത്രത്തിന്റെ വിതരണ പദ്ധതിയെക്കുറിച്ചുള്ള വിശദീകരണം തൃശ്ശൂർ ഫയർ സ്റ്റേഷൻ മാസ്റ്റർ Mr.T Aboobackar നിർവ്വഹിച്ചു. കുട്ടികൾ പത്രം വായിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, അവരിൽ വായനാശീലം വളർത്തുന്നതിന്റെ ഗുണങ്ങളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.സ്കൂൾ ലീഡർ ജെസ്റ്റോജോൺസൻ നന്ദി അറിയിച്ചു.

## ഗാന്ധിദർശൻ ക്ലബ്ബ്

ഗാന്ധിദർശൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 24-11-18 ശനിയാഴ്ച NSUP School, Cheroor ൽ വെച്ച് നടന്ന ഉപജില്ലാ മൽസരങ്ങളിൽ CSHSS ലെ വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രസംഗ മൽസരത്തിൽ Devin k Joy - X A ഒന്നാം സ്ഥാനം നേടി. ക്വിസ് മൽസരത്തിൽ Ann Lina - VIII A രണ്ടാം സ്ഥാനവും നേടി.

രുചിയുടെ ലോകം



27-11-18 ചൊവ്വാഴ്ച രാവിലെ 9.30 ന് അഞ്ചാം ക്ലാസ്സിലെ വിദ്യാർത്ഥികൾ ' രുചി അറിയുന്ന വിധം ' എന്ന പ്രവർത്തനത്തിന്റെ ഭാഗമായി ആപ്പിൾ, പൈനാപ്പിൾ, മുന്തിരി, നേന്ത്രപ്പഴം, തണ്ണിമത്തൻ, മാതളനാരങ്ങ, ഓറഞ്ച് എന്നി ഗ്രൂപ്പുകളിലാക്കിയ വിദ്യാർത്ഥികൾ പഴ വർഗ്ഗങ്ങൾ വീട്ടിൽ നിന്ന് കൊണ്ടുവന്നു.ഗ്രൂപ്പ് ലീഡർമാരായ ജൂലി, സാന്ദ്ര, സജ്ഞന, അക്ഷജ്, ആൽബിൻ എന്നിവർ പഴങ്ങളെ കഴുകി അരിഞ്ഞു. ജിന്റോ മാസ്റ്ററുടെ നേതൃത്വത്തിൽ ഫ്രൂട്ട്സ് സലാഡ് ഉണ്ടാക്കി. ഉച്ചയ്ക്ക് 12 മണിക്ക് HM Smt Remy Chungath ടീച്ചർ ഉദ്ഘാടനം ചെയ്തു. എല്ലാ അഞ്ചാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വിതരണം ചെയ്തു.നാവിലെ രസമുകുളങ്ങളെ കുറിച്ചും ഭക്ഷണ പദാർത്ഥങ്ങളെ നമ്മൾ ഇഷ്ടപ്പെടുന്നതിന്റെ മുഖ്യ കാരണവും ഈ പ്രവർത്തനത്തിലൂടെ കണ്ടെത്തി.

മലയാളത്തിളക്കം -Batch - II

Day - 1 - 26-11-18

മലയാളത്തിളക്കം രണ്ടാം ബാച്ച് 26-ാം തിയ്യതി പ്രാർത്ഥനയോടെ ആരംഭിച്ചു.20 കുട്ടികളാണ് രണ്ടാം ബാച്ചിൽ ഉൾപ്പെട്ടിരിക്കുന്നത്. ആറ് പ്രവർത്തനങ്ങൾ ഉൾപ്പെട്ട ആദ്യദിനം കുട്ടികൾ വളരെ ഉൽസാഹപൂർവ്വം തന്നെയാണ് പങ്കെടുത്തത്. ഞാൻ സൂര്യൻ, വീടും പുഴയും ,ആകാശം, കര, കടൽ, തവള കുഞ്ഞ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു.തുടർ പ്രവർത്തനം നൽകിയതിനു ശേഷം ആദ്യ ദിന പ്രവർത്തനങ്ങൾ അവസാനിച്ചു.

# Chaldean Syrian H.S.S, Thrissur

Day - 2 - 30-11-18

30-11-18 വെള്ളിയാഴ്ച മലയാളത്തിളക്കത്തിന്റെ രണ്ടാം ദിവസം പ്രാർത്ഥനയോടെ ആരംഭിച്ചു. അധ്യാപകരും കുട്ടികളും തമ്മിൽ പരിചയപ്പെടലിനു ശേഷം തുടർ പ്രവർത്തനം ശേഖരിച്ചു. മീൽസ് റെഡി, ഒമ്പത് ചങ്ങാതിമാർ, ഒത്തു പാടണം, അണ്ണാൻ കുഞ്ഞ് എന്നീ പ്രവർത്തനങ്ങൾ ചെയ്യിച്ചു. മലയാളത്തിലെ കുറച്ച് വിഷമമുള്ള വാക്കുകളും, ചിഹ്നങ്ങളും ,വാക്യങ്ങളും കുട്ടികൾക്ക് മനസ്സിലാകത്തക്ക പ്രവർത്തനങ്ങളായിരുന്നു. ഇത്തരം വിഷമമുള്ളവ ചാർട്ടിൽ പ്രദർശിപ്പിക്കുകയും അവരുടെ നോട്ടുബുക്കിൽ എഴുതാനും സാധിച്ചു.തുടർന്ന് തുടർ പ്രവർത്തനം നൽകി കൊണ്ട് രണ്ടാം ദിവസം സമാപിച്ചു.

## പഠനയാത്ര




നവംബർ 18-ാം തിയ്യതി 130 പേരടങ്ങുന്ന പത്താം ക്ലാസ്സ് വിദ്യാർത്ഥികൾ 10 അധ്യാപകരടക്കം പഠനയാത്രക്കായി പുറപ്പെട്ടു. 3 ദിവസത്തെ പരിപാടിയിൽ മൈസൂർ, ഊട്ടി എന്നീ സ്ഥലങ്ങളാണ് സന്ദർശിച്ചത്.ചരിത്ര പ്രാധാന്യമുള്ള കൊട്ടാരങ്ങളും പള്ളികളും ഉദ്യാനങ്ങളും മൈസൂരിന്റെ ആകർഷണങ്ങളാണ്. വൃന്ദാവനവും കാഴ്ചബംഗ്ലാവും കുട്ടികളെ ആകർഷിച്ചു. തണുപ്പ് അരിച്ചിറങ്ങുന്ന കാലാവസ്ഥയായിരുന്നു ഊട്ടിയിലേത്. ബൊട്ടാണിക്കൽ ഗാർഡനും Eco point ഉം സന്ദർശിച്ചു. പ്രകൃതിരമണീയമായ കാഴ്ചകൾ കണ്ട് തിരിച്ചു പോരാൻ എല്ലാവർക്കും മടിയായി.



## SSLC വൈകുന്നേര ക്ലാസ്സുകൾ

4 മണി മുതൽ 5 മണി വരെ എല്ലാ





ദിവസവും SSLC വിദ്യാർത്ഥികൾക്ക് കൃത്യമായ ടൈംടേബിൾ തയ്യറാക്കി ഈവനിംഗ് ക്ലാസ്സും ശനിയാഴ്ചകളിൽ 9.30 മുതൽ 3.30 വരെ സ്പെഷ്യൽ ക്ലാസ്സും നടത്തുന്നു.ഈ ക്ലാസ്സുകളിൽ വിദ്യാർത്ഥികളുടെ attendance പ്രത്യേകം രേഖപ്പെടുത്തുന്നു. മുടങ്ങുന്നവരുടെ രക്ഷാകർത്താക്കളുമായി സംസാരിച്ച് അവരെ ബോധവൽക്കരിക്കുന്നു. PTA യുടെ സഹകരണത്തോടെ വൈകുന്നേര ക്ലാസ്സുകളിൽ ലഘു ഭക്ഷണവും നൽകുന്നു.

## സബ് ജില്ലാ കലോത്സവം റിപ്പോർട്ട്



സ്കൂൾ തലത്തിൽ ഉന്നത സ്ഥാനം കരസ്ഥമാക്കിയ കുട്ടികളിൽ നിന്നും 14 വിഭാഗങ്ങളിലായി HS ൽ നിന്നും 111 ഓളം കുട്ടികൾ സബ് ജില്ലാ കലോത്സവത്തിൽ പങ്കെടുത്തു.19 A grade, 5 B grade, 5 C grade എന്നിവ ലഭിച്ച് ഉപജില്ലയിൽ ഓവറോൾ മൂന്നാം സ്ഥാനം കരസ്ഥമാക്കി. പങ്കെടുത്ത 3 ഇനങ്ങളിലും Abhishek M J – ലളിതഗാനം, മൃദംഗം, ശാസ്ത്രീയ സംഗീതം എന്നിവയിൽ 1st with A grade, വട്ടപ്പാട്ട് Ist A grade, ഉറുദു സംഘഗാനം A grade.

മാപ്പിളപ്പാട്ട് Boys – Muhammed Yasir – Ist wih A grade, English കഥാരചന – Godwin Raj – 1 St with A grade, മലയാളം പ്രസംഗം –ആര്യദാസ് P H 1st with A grade, വട്ടപ്പാട്ട്, കോൽക്കളി, ദഫ് മുട്ട്–1 St with A grade.ചെണ്ടമേളം, ഒപ്പന, നാടൻപാട്ട്, തിരുവാതിര – 2nd with A grade, ഉറുദു സംഘഗാനം, English കവിതാ രചന – A grade.



## റവന്യൂ കലോത്സവം

ശാസ്ത്രീയ സംഗീതം, മൃദംഗം – Abhishek M J–2nd with A

grade ,മലയാളം പ്രസംഗം – A grade, വട്ടപ്പാട്ട് 3rd with A grade, മാപ്പിളപ്പാട്ട് – മുഹമ്മദ് യാസിർ – A grade, ദഫ് മുട്ട്-B grade, English കഥാ രചന – B grade.

## DECEMBER – 2018

### COSINE Seminar Competition Prize Distribution





Cosine Seminar Competition for this year was held on 30th November 2018. The topic for this year wa s "Crypto Currency and Bit coins”. Dr. Aby Paul, Principal of the School Officially inaugurated the one day Seminar Competition which highlighted Participation from different schools of this district. St. Rapheal's C.G. H. S.S Ollur, St. Aloysious HSS Elthuruth and Sacred Heart's C.G.H.S.S were adjudged the First, Second and Third prize winners respectively. Consolation prizes were also given to five participating teams. The prize distribution for the Cosine Seminar Competition wa s conducted on 4th December 2018, in the auspice of many noted dignitaries presided by the School Principal.The Chief guests of the function were Smt. Jayasree, AEO of the Thrissur East Sub. District, Smt. Caroline Joshua, PTA President CSHSS and Rev. Fr.David K John, Corporate Manager CSCS.

### കൈരളി വിജ്ഞാന പരീക്ഷ

2018 ഡിസംബർ 1 ന് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി കൈരളി

വിജ്ഞാന പരീക്ഷ നടന്നു.130-ഓളം കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു. പരീക്ഷയിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും certificate ഉണ്ട്.

## WORLD AIDS DAY



2018 ഡിസംബർ 1 ന് ലോക എയ്ഡ്സ് ദിനം ആചരിച്ചു. Red Ribbon നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് ഈ ദിനത്തെക്കുറിച്ചുള്ള ഓർമ്മ നൽകി. ചുമർ പത്രിക പ്രകാശനം ചെയ്തു. അസംബ്ലിയിൽ എയ്ഡ്സ് ദിനാഘോഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, എയ്ഡ്സ് പകരുന്ന രീതികളെക്കുറിച്ചും, ബോധവൽക്കരണം നടത്തി. പോസ്റ്റർ മൽസരം നടത്തി, സമ്മാനങ്ങൾ നൽകി.

## മലയാളത്തിളക്കം



Day - 3 , 3 -12-18

റീന ടീച്ചറുടെയും നിനു ടീച്ചറുടെയും നേതൃത്വത്തിലാണ് ക്ലാസ്സുകൾ നടന്നത്. കുട്ടികൾ വളരെ ഉത്സാഹത്തോടെയാണ് ക്ലാസ്സിൽ ഇരുന്നത്.18 കുട്ടികൾ ഉണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് 2.30 മുതൽ PTA മീറ്റിംഗ് ആയിരുന്നു.15 കുട്ടികളുടെ രക്ഷിതാക്കൾ മീറ്റിംങിന് എത്തിയിരുന്നു. രക്ഷിതാക്കളും മലയാളത്തിളക്കം ക്ലാസ്സിനെ കുറിച്ച് നല്ല അഭിപ്രായമാണ് പറഞ്ഞത്.



Day - 4, 4-12-18

പ്രാർത്ഥനയോടെ തുടങ്ങി. അധ്യാപകർ പരിചയപ്പെടുത്തുകയും കുട്ടികൾ പരിചയപ്പെടുകയും ചെയ്തു.'കുസൃതി മുയലിന്റെ ' വീഡിയോ - ചിത്രീകരണം കാണിക്കുകയും, ചോദ്യങ്ങൾ ചോദിക്കുകയും, എഴുത്തുപരീക്ഷ നടത്തുകയും ചെയ്തു. ദത്തുപാഠലിന് ശേഷം ഒരു പതിപ്പ് തയ്യാറാക്കി.' മുറ്റത്തൊരു മരമുണ്ടേ' - എന്ന പതിപ്പ് തയ്യാറാക്കി.' നിങ്ങളെന്റെ അമ്മയാണോ ' എന്ന ആശയത്തിൽ അവ

ചാർട്ടിൽ വരച്ച് പ്രദർശിപ്പിക്കുകയും, കുട്ടികൾക്ക് വളരെയധികം രസകരമായി പ്രവർത്തനം നടത്തുകയും ചെയ്തു.തുടർ പ്രവർത്തനമായി 'കുസൃതി മുയലിന്റെ വിചാരങ്ങൾ ' എന്ന ഗൃഹപാഠം നൽകുകയും അത് ചർച്ച ചെയ്യുകയും ചെയ്തു.

Day - 5 ,5-12-18



5-12-18 ബുധനാഴ്ച മലയാളത്തിളക്കം അഞ്ചാം ദിവസം പരിചയപ്പെടുത്തലോടെ ആരംഭിച്ചു.പൂമ്പാറ്റച്ചിറകിൽ, തത്ത കണ്ട കാഴ്ചകൾ, മുറ്റത്തൊരു മഞ്ഞ മുള എന്നിവ ആയിരുന്നു പ്രവർത്തനങ്ങൾ.' പൂമ്പാറ്റച്ചിറകിൽ ' എന്ന വീഡിയോ കുട്ടികൾ നന്നായി ആസ്വദിച്ചു. മൂന്ന് പ്രവർത്തനങ്ങളിലും ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കുട്ടികൾ എഴുതുകയും അധ്യാപിക അത് വിലയിരുത്തുകയും ചെയ്തു.കുട്ടികളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.' തത്ത കണ്ട കാഴ്ചകൾ ' എന്ന ഗാനാവതരണത്തോടെ ക്ലാസ്സ് സമാപിച്ചു.

Day - 6, 6-12-18

കുട്ടികളെ പരിചയപ്പെടുകയും സ്വയം പരിചയപ്പെടുത്തുകയും ചെയ്തു കൊണ്ട് ആറാം ദിവസത്തെ മലയാളത്തിളക്കം ക്ലാസ്സുകൾ ആരംഭിച്ചു. തുടർ പ്രവർത്തനം വിലയിരുത്തി.' പഴക്കുട്ട' എന്ന പ്രവർത്തനം വീഡിയോ പ്രദർശനം നടത്തി.' എലിമല', 'കുട്ടൻ കടയിൽ ' എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിൽ കുട്ടികളെ കൊണ്ട് വാക്കുകൾ എഴുതിക്കുകയും തെറ്റുകൾ തിരുത്തുകയും ചെയ്തു.പ്രവർത്തനങ്ങളിൽ കുട്ടികൾ സജീവമായി പങ്കെടുത്തു. കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.



Day - 7, 7-12-18

മലയാളത്തിളക്കം ഏഴാം ദിവസം സാധാരണ ദിവസങ്ങളെ പോലെത്തന്നെ രാവിലെ 10 മണിക്കു ആരംഭിച്ചു. സ്വയം പരിചയപ്പെടുത്തിയതിനു ശേഷം കുട്ടികളെ വിശദമായി പരിചയപ്പെട്ടു.' മഷിപ്പച്ച' എന്ന ആദ്യത്തെ പ്രവർത്തനത്തിലേക്ക് കടന്നു. കഥയായതിനാൽ എല്ലാവരും

ഉത്സാഹത്തോടെ കേട്ടിരുന്നു. ചോദ്യങ്ങൾക്ക് മറുപടി പറയാനും അവർക്ക് സാധിച്ചു. ബ്രേക്കിന് ശേഷം രണ്ടാമത്തെ പ്രവർത്തനമായ 'കുടയുടെ നടത്തം' തുടങ്ങി. ഈ പ്രവർത്തനത്തിൽ മുഴുവൻ മാർക്ക് വാങ്ങാൻ മിക്ക കുട്ടികൾക്കും സാധിച്ചു.കഥ എഴുതാൻ അവർക്ക് അൽപം ബുദ്ധിമുട്ട് നേരിട്ടെങ്കിലും അധ്യാപികയുടെ സഹായത്താൽ അത് ചെയ്യാൻ സാധിച്ചു. അടുത്ത പ്രവർത്തനമായ ' ജെ.സി.ബി.'യിലും അവർക്ക് നല്ല മാർക്ക് നേടാൻ സാധിച്ചു. ചിത്രം വരച്ച് അവ പുസ്തക രൂപത്തിലാക്കി പ്രദർശിപ്പിച്ചു. അവസാനത്തെ പ്രവർത്തനമായ ' മഞ്ഞ മഞ്ഞപ്പൂവ്' എന്ന കവിത അവർ ഏറെ താൽപര്യത്തോടെ കേട്ടിരുന്നു. ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ സാധിച്ചെങ്കിലും അവ എഴുതുന്നതിൽ ആദ്യം ചിലർക്ക് തെറ്റുകൾ സംഭവിച്ചു. അധ്യാപകരുടെ സഹായത്താൽ തെറ്റുകൾ കുറയ്ക്കാൻ സാധിച്ചു.' ഇഷ്ടപ്പൂവ്' വരച്ച് കഥയോ കവിതയോ എഴുതാൻ തുടർ പ്രവർത്തനമായി നൽകുകയും ചെയ്തു.

Day – 8, 10-12-18

മലയാളത്തിളക്കത്തിന്റെ എട്ടാം ദിവസത്തെ പ്രവർത്തനങ്ങൾ കൃത്യം 10.00 മണിക്കു തന്നെ ആരംഭിക്കുകയും സമയ ക്രമീകരണത്തിനനുസരിച്ച് ക്ലാസ്സുകൾ നടക്കുകയും ചെയ്തു.' അയ്യോ നെയ്യപ്പം',' കുരങ്ങന്റെ മോഹങ്ങൾ' എന്നീ രണ്ട് പ്രവർത്തനങ്ങളിലും കുട്ടികൾ സജീവമായി പങ്കെടുക്കുകയും ടീച്ചർ വിലയിരുത്തുകയും ചെയ്തു. ഉച്ചയ്ക്ക് ശേഷം പി.ടി.എ മീറ്റിംഗ് ആയിരുന്നു. കുട്ടികളുടെ വർക്ക് ബുക്ക് കാണിച്ചു കൊടുക്കുകയും അവരെ കൊണ്ട് മലയാളം കഥകൾ വായിപ്പിക്കുകയും ചെയ്തു. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പങ്കുവെച്ചു. 3.30 ന് മീറ്റിംഗ് അവസാനിച്ചു.



## Maths Book Review

On 7-12-18, Friday Math s Club introduce a new book " Kandu Padichal kanakku Elluppam “. This book was written by “Madhavan Pallatheri ''. This book introduces the concept of “visual Mathematics” for Children.This book explains various concepts such as fractions, decimal - numbers, square root, angles, area, volume etc. This book reveals the beauty and fun side of maths and show how it comes up every where as a natural language .This book presented by Vth standard student Hariharan P S(VC). His presentation was excellent.

## Christmas Celebration 2018-19





2018-19 ലെ Christmas Celebration 7-12-18 വെള്ളിയാഴ്ച സമുചിതമായി ആഘോഷിച്ചു.വിദ്യാർത്ഥിനികളുടെ flash mob ലൂടെ കാര്യപരിപാടികൾ ആരംഭിച്ചു. ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ്സ് Smt Remy chungath I ചടങ്ങിന് സ്വാഗതം പറഞ്ഞു. ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ്സ് ശ്രീമതി റെമി ചുങ്കത്ത് ടീച്ചർ സ്വാഗതം പറഞ്ഞു. ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ Dr അബി പോൾ മാഷ് ക്രിസ്മസ് സന്ദേശം നൽകി. തുടർന്ന് PTA ഭാരവാഹികളുടെ നേതൃത്വത്തിൽ കേക്ക് കട്ടിംഗ് നടത്തി.തുടർന്ന് Lucky Student, Lucky Teacher, Lucky Parent എന്നിവരെ തിരഞ്ഞെടുത്ത് സമ്മാനം നൽകി. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ ക്രിസ്മസ് ആഘോഷത്തിന് മാറ്റേകി. സ്റ്റാഫ് സെക്രട്ടറി ശ്രീമതി ബിന്ദു ടീച്ചർ നന്ദി പ്രകാശിപ്പിച്ചു.തുടർന്ന് എല്ലാ വിദ്യാർത്ഥികൾക്കും PTA യുടെ നേതൃത്വത്തിൽ കേക്ക് വിതരണം നടന്നു.

## അർദ്ധവാർഷിക മൂല്യനിർണയം

2018-19 അധ്യയന വർഷത്തെ അർദ്ധവാർഷിക പരീക്ഷകൾ 11-12-2018 മുതൽ ഹൈസ്കൂൾ വിഭാഗത്തിനും, 12-12-2018 മുതൽ അപ്പർ പ്രൈമറി വിഭാഗത്തിനും ആരംഭിച്ച് 21-12-2018 ന് അവസാനിച്ചു.

## Report - Readers Theatre

7th Standard students in our school, participated a competition, Readers Theatre on 22-12-2018 was conducted by URC Thri ss ur. Alokh, Nandhu, Serin ,Arav, Irine, Alfiya, Niranjana were the participants.They got second Place.

## OSA സംഗമം

OSA യുടെ ആഭിമുഖ്യത്തിൽ 2018-19 അധ്യയന വർഷത്തെ OSA





സംഗമം 28-12-2018, വെള്ളിയാഴ്ച CSHSS ൽ വെച്ച് നടന്നു. ചടങ്ങിൽ 2017-18 വർഷത്തിൽ 10-ാം ക്ലാസ്സിൽ Full A Plus നേടിയ വിദ്യാർത്ഥികളെയും, LSS ലഭിച്ച അഞ്ചാം തരത്തിൽ പഠിക്കുന്ന അമൽ സജിയെയും ആദരിച്ചു.



*Wish You a Happy New Year 2019...*